# ഗണിതം

## ടീച്ചർ ടെക്സ്റ്റ്

### സ്റ്റാൻഡേർഡ് 1

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

# 1

# തിത്തിരിക്കിളിയും ചങ്ങാതിമാരും



# തിത്തിരിക്കിളിയും ചങ്ങാതിമാരും



## ആമുഖം

ഗണിത പഠനത്തിന്റെ അടിസ്ഥാനം എന്ന നിലയിൽ ചുറ്റുപാടും കാണുന്ന വസ്തുക്കളെ നിരീക്ഷിച്ചുകൊണ്ട് കുട്ടികൾ മനസ്സിലാക്കേണ്ടുന്ന പലകാര്യങ്ങളും ഉണ്ട്. വസ്തുക്കളെ താരതമ്യം ചെയ്ത് ചെറുത്/വലുത്, കൂടുതൽ/കുറവ്, ഉയരം കൂടിയത്/കുറഞ്ഞത്, നീളം കൂടിയത്/നീളം കുറഞ്ഞത് തുടങ്ങിയ വസ്തുതകളെക്കുറിച്ചുള്ള നേരിയ അറിവ് കുട്ടികൾക്കുണ്ട്. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിനും സ്ഥലപരമായ അവസ്ഥകൾ വിശദീകരിക്കുന്നതിനുള്ള പദങ്ങൾ ചർച്ച ചെയ്യുന്നതിനും 1 മുതൽ 5 വരെ സംഖ്യകൾ വായിക്കാനും എഴുതാനുമുള്ള പ്രവർത്തനങ്ങളാണ് ഈ യൂണിറ്റിൽ ഉള്ളത്. അതോടൊപ്പംതന്നെ നിരീക്ഷിക്കാനും കാര്യകാരണ ബന്ധങ്ങൾ വിശദീകരിക്കാനും സമർഥിക്കാനുമുള്ള അവസരങ്ങൾ ഈ യൂണിറ്റിലുണ്ട്. ഈ പ്രവർത്തനങ്ങളുടെ തുടർച്ച 'ഗണിതമിഠായി' എന്ന പ്രവർത്തന പുസ്തകത്തിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## പഠനലക്ഷ്യങ്ങൾ

- ചുറ്റുപാടും നിരീക്ഷിച്ച് വസ്തുക്കളുടെ സ്ഥലം, സ്ഥാനം എന്നിവ കണ്ടെത്തുന്നു. ആകൃതി, വലുപ്പം എന്നിവ താരതമ്യം ചെയ്യുന്നു. അവയെ സൂചിപ്പിക്കുന്ന ഉചിതപദങ്ങൾ പുതിയ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു.
- ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു. (1 മുതൽ 5 വരെ)
- 1 മുതൽ 5 വരെ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.

## മേഖല

- പ്രാഗ് ഗണിതാശയങ്ങൾ (സ്ഥലപരം, സ്ഥാനപരം), സംഖ്യകൾ (1 മുതൽ 5 വരെ)

## സമയം

- 25 മണിക്കൂർ

| ആശയങ്ങൾ/ ധാരണകൾ | ശേഷികൾ/ നൈപുണികൾ | പ്രവർത്തന-പ്രക്രിയ വിശദാംശങ്ങൾ | പഠനോപകരണങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ/ പോർട്ട് പോളിയോ |
|---|---|---|---|---|---|
| • സ്ഥലപരമായ അവസ്ഥയെ സൂചിപ്പിക്കാൻ അകത്ത്/പുറത്ത്/ മുകളിൽ/താഴെ എന്നീ പദങ്ങൾ ഉപയോഗിക്കാം<br>• സ്ഥാനപരമായ അവസ്ഥയെ സൂചിപ്പിക്കാൻ അടുത്ത്/അകലെ/ മുന്നിൽ/പിന്നിൽ/ വലത്ത്/ഇടത്ത് എന്നീ പദങ്ങൾ ഉപയോഗിക്കാം | • ചുറ്റുപാടുകൾ നിരീക്ഷിച്ച് സ്ഥലപരമായ അവസ്ഥ കണ്ടെത്തുന്നു. വിശദീകരിക്കുന്നു.<br>• സ്ഥാനപരമായി അവസ്ഥ കണ്ടെത്തുന്നു, വിശദീകരിക്കുന്നു | • ചിത്രവായന (ടെക്സ്റ്റ് ബുക്ക്)<br>• ചിത്രം നിരീക്ഷിക്കുന്നു.<br>• താരതമ്യപദങ്ങൾ ഉപയോഗിച്ച് വിശദീകരിക്കുന്നു.<br>• അകത്ത്/പുറത്ത്, മുകളിൽ/താഴെ, വലുത്/ചെറുത്, കൂടുതൽ/കുറവ് തുടങ്ങിയ പ്രാഗ് ഗണിതാശയ പ്രവർത്തനങ്ങൾ | • വ്യത്യസ്ത വലുപ്പമുള്ള/നീളമുള്ള/ മുകളിലും താഴെയുമുള്ള വസ്തുക്കൾ, ചിത്രങ്ങൾ<br>• കല്ലുകൾ<br>• മഞ്ചാടി<br>• മുത്തുകൾ<br>• കമ്പുകൾ<br>• അടുത്ത്/അകലെ, മുന്നിൽ/പിന്നിൽ, വലത്ത്/ഇടത്ത് ചിത്രീകരിച്ചിട്ടുള്ള ചിത്രങ്ങൾ | • നിരീക്ഷണപാടവം<br>• യുക്തിപരമായ ചിന്ത<br>• പ്രശ്നപരിഹരണ പാടവം | • നിരീക്ഷിച്ച് പറയാൻ കഴിയുന്നുണ്ട്.<br>• പ്രാഗ് ഗണിതാശയങ്ങൾ തിരിച്ചറിയുന്നുണ്ട്.<br>• ഒരു കൂട്ടം വസ്തുക്കളെ താരതമ്യം ചെയ്യാൻ കഴിയുന്നുണ്ട്<br>• അനുയോജ്യമായ പദങ്ങൾ ഉപയോഗിച്ച് വിശദീകരിക്കാൻ കഴിയുന്നുണ്ട്. |
| • വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് വലുത്/ചെറുത്/നീളം കൂടിയത്/കുറഞ്ഞത് /ഭാരം കൂടിയത്/ കുറഞ്ഞത്, കനം കൂടിയത്/കുറഞ്ഞത് എന്നീ പദങ്ങൾ ഉപയോഗിക്കുന്നു.<br>• ഒരു കൂട്ടം വസ്തുക്കളെ താരതമ്യം ചെയ്യാൻ എണ്ണം കൂടിയത്/ എണ്ണം കുറഞ്ഞത്, തുല്യമായത്/തുല്യമല്ലാത്തത് എന്നീ പദങ്ങൾ ഉപയോഗിക്കുന്നു | • വസ്തുക്കളെ താരതമ്യം ചെയ്ത് ചെറുത്/വലുത്. നീളം കൂടിയത്/ കുറഞ്ഞത്, ഉയരം കൂടിയത്/കുറഞ്ഞത് കണ്ടെത്തുന്നു.<br>• ഒരു കൂട്ടം വസ്തുക്കളെ താരതമ്യം ചെയ്യുന്നു. ഒന്നിനൊന്നു പൊരുത്തപ്പെടുത്തുന്നു. പരസ്പരബന്ധം കണ്ടെത്തുന്നു. കൂടുതൽ/ കുറവ് കണ്ടെത്തുന്നു. | • കനം കൂടിയത്/ കുറഞ്ഞത്, ഭാരം കൂടിയത്/കുറഞ്ഞത്, അകലെ/ അടുത്ത്, നീളം കൂടിയത്/ കുറഞ്ഞത് എന്നീ പ്രാഗ് ഗണിതാശയ പ്രവർത്തനങ്ങൾ<br>• പ്രവർത്തന പുസ്തകം | • സംഖ്യകളുടെ എഴുത്തുരൂപത്തിലുള്ള കട്ടൗട്ട്<br>• പൊട്ടുകൾ<br>• ചായം<br>• കോഴിക്കുഞ്ഞിന്റെ കട്ടൗട്ട്<br>• വലിയ സ്ക്രീൻ | | • കൂട്ടങ്ങളെ എണ്ണിതിട്ടപ്പെടുത്താൻ കഴിയുന്നുണ്ട്<br>• വസ്തുക്കളും ചിത്രങ്ങളും എണ്ണവുമായി പൊരുത്തപ്പെടുത്താൻ കഴിയുന്നുണ്ട് |

| | | | | | |
|---|---|---|---|---|---|
| • കൂട്ടങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തി തുല്യം, കൂടുതൽ, കുറവ് കണ്ടെത്താൻ കഴിയും<br>• ഒരു കൂട്ടത്തിൽ എത്രയുണ്ട് എന്നറിയാൻ എണ്ണിത്തിട്ടപ്പെടുത്തണം<br>• ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കാൻ കഴിയും | • നിശ്ചിത കൂട്ടങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തുന്നു. വലുത്/ ചെറുത് കണ്ടെത്തുന്നു.<br>• ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു.<br>• ഒരു നിശ്ചിത എണ്ണത്തെ ചിത്രീകരിക്കുന്നു | • ചിത്രവായന<br>• സംഖ്യകളുടെ അവതരണം ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്<br>• വർക്ക് ഷീറ്റ് 3 | | | • സംഖ്യകളും എണ്ണവുമായി പൊരുത്തപ്പെടുത്താൻ കഴിയുന്നുണ്ട്. നിശ്ചിത എണ്ണം കൂട്ടങ്ങളാക്കാനാവുന്നു. |
| • ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് എന്നിവയെ സൂചിപ്പിക്കാൻ 1, 2, 3, 4, 5 എന്നീ ചിഹ്നങ്ങൾ ഉപയോഗിക്കുന്നു | • ഗണിതപ്പാട്ടുകൾ പാടി രസിക്കുന്നു. | • സംഖ്യകളുടെ ചിഹ്നങ്ങൾ എഴുതൽ 1, 2, 3, 4, 5<br>• വർക്ക് ഷീറ്റ് 4 പൊട്ടുകൾ ഒട്ടിക്കാം<br>• പാട്ട് - ഒന്നാം താളിൽ എന്തുണ്ട്? വിരൽച്ചിത്രങ്ങൾ വിരൽ ചായത്തിൽ മുക്കിപ്പതിപ്പിച്ച് ചിത്രങ്ങൾ ഉണ്ടാക്കുന്നു.<br>• കളികൾ<br>• വർക്ക് ഷീറ്റ് 6 ഇലകളും പൂക്കളും പൂമ്പാറ്റകളും<br>• നോക്കൂ...പറയൂ... (ടെക്സ്റ്റ് ബുക്ക്) | • പൊട്ടുകൾ, ചായം, പഞ്ഞി, ചിത്ര പുസ്തകം, ക്രയോൺ<br>• മണൽത്തടം<br>• താറാവും കുഞ്ഞുങ്ങളും കട്ടൗട്ടുകൾ | • ആസ്വാദനം | • സംഖ്യകളും അവയുടെ എഴുത്തുരൂപവും പരിചയപ്പെടുന്നു. ഉചിതമായവ പ്രയോഗിക്കുന്നു.<br>• ചിത്ര പുസ്തകം<br>• വിരൽച്ചിത്രങ്ങൾ നിർമ്മിക്കാൻ കഴിയുന്നു.<br>• ഭംഗിയായി മുറിച്ചെടുത്ത് യഥാസ്ഥാനത്ത് ഒട്ടിച്ചിട്ടുണ്ട്.<br>• പ്രശ്നനിർധാരണം നടത്താൻ കഴിയുന്നു. |

| | | | | | |
|---|---|---|---|---|---|
| • ഒരു കൂട്ടത്തിൽ എത്രയുണ്ടെന്നറിയാൻ എണ്ണിത്തിട്ടപ്പെടുത്തണം. | | • കൂട്ടം കൂട്ടിയാൽ ടെക്സ്റ്റ് ബുക്ക് 5 ന്റെ വ്യാഖ്യാനം ചിത്രീകരിക്കുന്നു.<br>• വർക്ക് ഷീറ്റ് 5 (പല്ലുകൾ വരയ്ക്കൂ, പുള്ളിയിടാം)<br>• എണ്ണാം...എഴുതാം... ചിത്രത്തിലെ പൂക്കളുടെ എണ്ണം എണ്ണിയെഴുതുന്നു. | • ചിത്രം | • നിരീക്ഷണ പാടവം | • 5 ന്റെ വ്യാഖ്യാനം വ്യത്യസ്ത സാധ്യതകൾ തിരിച്ചറിയുന്നു.<br>• സംഖ്യകൾ സ്വതന്ത്രമായി എഴുതാൻ കഴിയുന്നു.<br>• നിശ്ചിത എണ്ണം എണ്ണി തിട്ടപ്പെടുത്താൻ കഴിയുന്നു. |
| • ഗണിതവുമായി ബന്ധപ്പെട്ട കുട്ടിപ്പാട്ടുകളുണ്ട്. | • ഗണിത പാട്ടുകൾ പാടാൻ കഴിയുന്നു. | • പാടി രസിക്കാം (സംഖ്യാ ഗാനം) പാഠപുസ്തകത്തിൽ സംഖ്യകൾ എഴുതുന്നു. | • ചിത്രപുസ്തകം | • ആസ്വാദനം | • ചിത്രപുസ്തകം തയ്യാറാക്കി രേഖപ്പെടുത്താൻ കഴിയുന്നു. |
| • ഒരു കൂട്ടത്തിൽ നിന്ന് എണ്ണി എടുക്കാൻ കഴിയും | • നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു. | • കൂട്ടങ്ങളാക്കാം, കളിപ്പാട്ടങ്ങൾ കൂട്ടങ്ങളാക്കുന്നു.<br>• തൊട്ടുനോക്കി എഴുതാം | • കളിപ്പാട്ടങ്ങൾ<br>• മണൽക്കടലാസ് (Sand paper)<br>• സംഖ്യകളുടെ കട്ടൗട്ട് | • പ്രശ്നപരിഹരണ പാടവം | • നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു.<br>• കളിപ്പാട്ടങ്ങൾ തരം തിരിച്ചുവെക്കാൻ കഴിയുന്നു. |

## യൂണിറ്റിലേക്ക്

### പ്രവർത്തനം 1

#### ചിത്രവായന

- സൗഹൃദ സംഭാഷണത്തിലൂടെ പാഠഭാഗത്തേക്ക് കടക്കണം.

ഓരോരുത്തരോടും അവരവരുടെ കൂട്ടുകാരെക്കുറിച്ച് ചോദിക്കുക.

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

- നമുക്ക് രണ്ട് കൂട്ടുകാരെക്കൂടി പരിചയപ്പെട്ടാലോ?
- അമലും ഇമയും. അവരെ നിങ്ങൾക്കു കാണേണ്ടേ?

ടെക്സ്റ്റ് ബുക്ക് പേജ് 8, 9 ലെ ചിത്രത്തിലേയ്ക്ക്.

- ഇമയെ തൊട്ടുകാണിക്കാമോ?
- ആരെയൊക്കെ കാണുന്നുണ്ട്?

പശുവും കിടാവും, താറാവും കുഞ്ഞുങ്ങളും, .......

- വീടിന് അടുത്ത് നിൽക്കുന്നതാരാണ്?

കൂടുതൽ കാര്യങ്ങൾ കുട്ടികൾ പറയട്ടെ.

- പൂക്കൾ കാണുന്നില്ലേ?
- നിങ്ങൾക്ക് ഇഷ്ടപ്പെട്ട പൂവ് തൊട്ടുകാണിക്കാമോ?
- തത്തമ്മ എവിടെയാണുള്ളത്?
- അവ എന്താണ് ചെയ്യുന്നത്?
- റോഡിൽ ഏതൊക്കെ വാഹനങ്ങളുണ്ട്?
- ഓട്ടോ ഓടിക്കുന്ന യുവതിക്ക് പേര് കൊടുക്കൂ?
- പക്ഷിയുടെ കൂട്ടിൽ എന്താണുള്ളത്?
- തെങ്ങിനെക്കാൾ ഉയരം കുറഞ്ഞ മരം തൊട്ടുകാണിക്കാമോ?
- മറ്റു കഥാപാത്രങ്ങൾക്ക് പേരുകൾ നൽകാമോ?
- ചിത്രത്തിൽ കൂടുതൽ ഉയരത്തിൽ പറക്കുന്ന തത്തയ്ക്ക് ചുറ്റും വട്ടം വരയ്ക്കാമോ?

ഉചിതമായ ചോദ്യങ്ങളിലൂടെ മറ്റു വസ്തുതകൾ ടീച്ചർ ബോധ്യപ്പെടുത്തണം.

➲ താറാവുകളെല്ലാം ഒരുപോലെയാണോ?

അല്ല, വലുതുമുണ്ട്, ചെറുതുമുണ്ട്

➲ ആരാണ് വലുത്?

കുട്ടികൾ പ്രതികരിക്കുന്നു.

ടെക്സ്റ്റ് ബുക്ക് പേജ് 8, 9 ലെ ചിത്രത്തെ അടിസ്ഥാനമാക്കിയുള്ള ചിത്രവായനയ്ക്കുശേഷം

'ഗണിതമിഠായി' വർക്ക് ഷീറ്റ് പേജ് 8, 9 ലെ ചിത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നൽകാം. അകത്ത്/പുറത്ത്, മുകളിൽ/താഴെ, വലുത്/ചെറുത്, കൂടുതൽ/കുറവ് തുടങ്ങിയ പ്രാഗ് ഗണിത ആശയവുമായി ബന്ധപ്പെട്ട പ്രവർത്തനമാണ് ഇവിടെ നൽകേണ്ടത്.

ചിത്രവുമായി ബന്ധപ്പെട്ട് ചോദിക്കാവുന്ന ചോദ്യങ്ങൾ

പപ്പായ മരത്തിന്റെ മുകളിലിരിക്കുന്നതാരാണ്? താഴെ ഇരിക്കുന്നതോ?

✎ വലിയ പപ്പായയ്ക്ക് ചുറ്റും വട്ടം വരയ്ക്കൂ.

ആരുടെ കൈയിലാണ് കുറവ് മാമ്പഴം ഉള്ളത്? ✓ അടയാളമിടൂ.

✎ കുട്ടിയുടെ കൈയിലുള്ള ബലൂണിനാണോ തണ്ണിമത്തനാണോ ഭാരം കൂടുതൽ?

✓ അടയാളമിടൂ.

വീട്ടിനകത്താരാണ്? ✓ അടയാളമിടൂ.

അമ്മയുടെ പിന്നിൽ നിൽക്കുന്ന കുട്ടിക്ക് ✓ അടയാളമിടൂ

ചെറിയ ബോൾ ഏത്? ചുറ്റും വട്ടം വരയ്ക്കൂ

✎ പെൺകുട്ടികളിൽ ആരുടെ മുടിയാണ് നീളം കൂടുതൽ?

✓ അടയാളമിടൂ.

✎ അച്ഛൻ മണ്ണുനിറയ്ക്കുകയാണ്. ഒഴിഞ്ഞ പാത്രത്തിന് ✓ അടയാളമിടൂ,

അകലെയുള്ള വീടിനുചുറ്റും വട്ടം വരയ്ക്കൂ. ഉയരം കുറഞ്ഞ മല തൊട്ടുകാണിക്കൂ.

ഇതുപോലെയുള്ള ചോദ്യങ്ങൾ ചോദിക്കുക. ഓരോ ചോദ്യത്തിനുശേഷം ശരിയായി പ്രതികരിച്ചവരെ കണ്ടെത്തുന്നു. അഭിനന്ദിക്കുന്നു.

- നോട്ടുബുക്കിൽ ടീച്ചർ ഒരു പന്തിന്റെ ചിത്രം വരയ്ക്കുന്നു. അതിനേക്കാൾ വലിയ ഒരു പന്ത് കുട്ടിയോട് വരയ്ക്കാൻ നിർദേശിക്കുന്നു. അതുപോലെ ഉയരം കൂടിയ മരം, ഉയരം കുറഞ്ഞ മരം, ഉയരമുള്ള മല, ഉയരം കുറഞ്ഞ മല എന്നിവ നോട്ടുബുക്കിൽ വരച്ച് നിറം നൽകാം.

☑ ഗണിതമിഠായി പേജ് 10, 11-ലെ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. ടീച്ചർ വിലയിരുത്തുന്നു. കനം കൂടിയത്/കുറഞ്ഞത്, ഭാരം കൂടിയത്/കുറഞ്ഞത്, അകലെ/അടുത്ത്, നീളം കൂടിയത്/കുറഞ്ഞത് എന്നീ പ്രാഗ് ഗണിത ശേഷിയാണ് ഇവിടെ വിലയിരുത്തേണ്ടത്.

- ചിത്രത്തിലെ വീടുകളെക്കുറിച്ച് സംസാരിക്കുന്നു. ഉയരം കൂടിയ വീട്, ഉയരം കുറഞ്ഞ വീട് ഇവ തിരിച്ചറിയുന്നു. ഉയരം കൂടിയ വീടിന് റോസ് നിറം നൽകുന്നു. ഉയരം കുറഞ്ഞ വീടിന് മഞ്ഞ നിറം നൽകുന്നു.

☑ കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. വിലയിരുത്തൽ നടത്തുന്നു.

- മീനുവിന്റെ കൈയിലെ രണ്ട് പുസ്തകങ്ങൾ നോക്കൂ. രണ്ടും ഒരുപോലെയാണോ? ഒന്ന് കനം (Thickness) കൂടിയും മറ്റേത് കനം കുറഞ്ഞതും. സംഭാഷണത്തിന് ശേഷം മീനുവിന്റെ കൈയിലെ കനം കൂടിയ പുസ്തകത്തിന് ചുവപ്പുനിറം കൊടുക്കുന്നു. കനം കുറഞ്ഞ പുസ്തകത്തിന് നീല നിറവും കൊടുക്കുന്നു.

നിറം കൊടുത്തതിനു ശേഷം കുട്ടികൾ പരസ്പരം കൈമാറി പരിശോധിക്കുന്നു.

☑ ടീച്ചർ വിലയിരുത്തുന്നു.

- മാവിൽ ഉയരത്തിലുള്ള മാമ്പഴം പറിക്കാൻ നീളം കൂടിയ കമ്പ് വേണം എന്ന ധാരണ സ്വാഭാവിക സംഭാഷണത്തിലൂടെ കുട്ടിക്ക് കിട്ടണം. അതിനുശേഷം നീളം കൂടിയ കമ്പ് പിടിച്ച ആളുടെ ഉടുപ്പിന് ഓറഞ്ച് നിറവും നീളം കുറഞ്ഞ കമ്പ് പിടിച്ച ആളുടെ ഉടുപ്പിന് വയലറ്റ് നിറവും കൊടുക്കുന്നു.

☑ ടീച്ചർ വിലയിരുത്തുന്നു.

- വീട്ടിൽ നിന്ന് അകലെയുള്ള മരത്തിന്റെ ഇലകൾക്ക് മഞ്ഞനിറവും മരത്തടിക്ക് കറുപ്പ് നിറവും കൊടുക്കണം. വീടിനടുത്തുള്ള മരത്തിന്റെ ഇലകൾക്ക് പച്ചനിറവും മരത്തടിക്ക് തവിട്ടുനിറവും കൊടുക്കൂ. വീടിനും നിറം നൽകട്ടെ.

ആടുകളിൽ വലിയ ആടിന് തവിട്ടു നിറവും ചെറിയ ആടിന് കറുപ്പ് നിറവും കൊടുക്കുന്നു.

- മിലന്റെ കൈയിലുള്ള രണ്ട് വസ്തുക്കൾ താരതമ്യം ചെയ്ത് ഭാരം കുറഞ്ഞതും ഭാരം

കൂടിയതും കണ്ടെത്തുന്നു. ഭാരം കൂടിയതിന് പച്ചനിറവും ഭാരം കുറഞ്ഞതിന് ചുവപ്പു നിറവും കൊടുക്കുന്നു.

☑ ടീച്ചർ വിലയിരുത്തുന്നു.

- ഉയരം കൂടിയത്/കുറഞ്ഞത്, കനം കൂടിയത്/കുറഞ്ഞത്, വലുത്/ചെറുത്, അകലെ/അടുത്ത്, ഭാരം കൂടിയത്/കുറഞ്ഞത്, നീളം കൂടിയത്/കുറഞ്ഞത് തുടങ്ങിയ പ്രാഗ് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള ഒരു വർക്ക് ഷീറ്റായി പരിഗണിക്കണം.

## പ്രവർത്തനം 2

പുതിയ ഫോണുമായി ഗമയിൽ പറന്നു നടക്കുകയാണ് സുന്ദരിക്കാക്ക.

കൂട്ടുകാരെ വിളിക്കും, പാട്ടു കേൾക്കും, വീഡിയോകൾ കാണും.

അവളാകെ സന്തോഷത്തിലാണ്.

ഒരു ദിവസം മരക്കൊമ്പിലിരുന്ന് പാട്ടുകേൾക്കുകയായിരുന്നു അവൾ.

അപ്പോഴതാ...താഴെ നിന്നും ഒരു കരച്ചിൽ...

അതു കണ്ട സുന്ദരിക്കാക്ക ഫോൺ എടുത്ത് കൂട്ടുകാരെ വിളിച്ചു.

എന്തായിരിക്കും സുന്ദരിക്കാക്ക കണ്ടത്?

ടെക്സ്റ്റ് ബുക്കിലെ ആഖ്യാനവും സംഭാഷണവും ടീച്ചർ വായിച്ച് അവതരിപ്പിക്കുന്നു. (കുട്ടികൾ വായിക്കേണ്ടതില്ല)

(....കാ....കാ....കാ.....പുറത്ത് കാക്കകളുടെ ബഹളം....കിളിക്കുഞ്ഞ്)

ഇമയും അമലും വീടിനു മുന്നിൽ നിൽക്കുന്നു. അവരും എന്തോ കണ്ട് നോക്കി നിൽക്കുകയാണ്.

എന്താണവർ കണ്ടത്?

"മരപ്പൊത്തിൽ ഒരു കിളി" അത് പേടിച്ചിരിക്കുകയാണ്.



എന്തിനായിരിക്കും കിളി പേടിച്ചത്?

കാക്കകളെ കണ്ടിട്ടാണോ?

കുട്ടികളെ കണ്ടിട്ടാണോ?

തനിച്ചായിട്ടാണോ?

കുട്ടികളുടെ പ്രതികരണം

പേജ് 11-ലെ സംഭാഷണം അവതരിപ്പിക്കണം.

ഇമ കിളിക്കുഞ്ഞിനെ കൈയിലെടുത്ത് വീട്ടിലേക്ക് കൊണ്ടുപോയി.

കുഞ്ഞിക്കിളിയുടെ പേരു മനസ്സിലായോ? “തിത്തിരി”

ലാലിപ്പൂച്ച എവിടെയാണിരിക്കുന്നത്? പൂച്ച എന്തിനായിരിക്കും അവിടെ വന്നത്?



പൂച്ച എവിടെയാണ് ഉള്ളത്?

കിളിക്കുഞ്ഞോ? താഴെ

പൂച്ച മുകളിൽ കിളിക്കുഞ്ഞ് താഴെ.

പൂച്ചയെ ഓടിക്കാൻ വരുന്ന അമൽ, അവരുടെ സംഭാഷണം ടീച്ചർ വായിച്ചവതരിപ്പിക്കുന്നു.

തിത്തിരിയെ കാണുന്നില്ല. എവിടെയാവും തിത്തിരി പോയിരിക്കുക?

അലമാരയുടെ മുകളിൽ ഇല്ല. കട്ടിലിന്റെ താഴെ ഉണ്ടോ?

സോഫയുടെ മുന്നിൽ ഉണ്ടോ? പിന്നിൽ ഉണ്ടോ?

ഇത്തരം സംസാരത്തിലൂടെ പ്രാഗ് ഗണിതാശയങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങളാവാം.

മുകളിൽ/താഴെ, നീളം കൂടിയത്/കുറഞ്ഞത്, വലുത്/ചെറുത്.

അവസാനം എവിടെ നിന്നാണ് കുഞ്ഞിക്കിളിയെ കണ്ടുകിട്ടിയത്?

കളിവീടിന്റെ അകത്ത്.

എനിക്ക് അമ്മയെ കാണണം. തിത്തിരി പറഞ്ഞു. അവർ കണ്ടുപിടിക്കാൻ തീരുമാനിച്ചു. സംഭാഷണം ടീച്ചർ അവതരിപ്പിക്കുന്നു.

ഓരോരുത്തരോടും സംസാരിച്ചുകൊണ്ട് നടന്നുപോവുന്നു.

അമ്മപ്പൂച്ചയും കുഞ്ഞുങ്ങളും.

കുഞ്ഞുങ്ങളെ വിരൽതൊട്ടെണ്ണാൻ അവസരമുണ്ടാക്കണം.

സംഖ്യകളുടെ അവതരണം.

ഓരോന്നും എണ്ണി തിട്ടപ്പെടുത്തുന്ന രീതിയിലാണ് സംഖ്യകളുടെ അവതരണം.

‘രണ്ട്’ ആണ് ആദ്യം അവതരിപ്പിക്കുന്നത്.

അമ്മപ്പൂച്ചയോടൊപ്പം രണ്ട് കുഞ്ഞുങ്ങൾ.

● 2 പൂച്ചക്കുട്ടികളുടെ കട്ടൗട്ട് ഉപയോഗിച്ച് (മൂർത്ത വസ്തുക്കൾ)

രണ്ട് പൂച്ചക്കുട്ടികൾ എന്നു പറയുമ്പോൾ (ഭാഷാവസ്തുതകളായി)

✍ രണ്ട് പൂച്ചക്കുട്ടികളെ വരച്ച്, വരച്ച പൂച്ചക്കുട്ടികളെ തൊട്ടെണ്ണി (ചിത്രീകരണം)

2 എന്ന Symbol ഉപയോഗിച്ച് എഴുതൽ

അമ്മപ്പശുവിന്റെ കൂടെ ഒരു പശുക്കുട്ടി.

പശുവിന് ഒരു കുഞ്ഞ്. പൂച്ചയ്ക്ക് രണ്ട് കുഞ്ഞുങ്ങൾ.

തുടർന്ന് അഞ്ച്, നാല്, മൂന്ന് എന്നിവ അവതരിപ്പിക്കണം.

ഒരു പശു, രണ്ടു പൂച്ചക്കുട്ടി, മൂന്ന് മുട്ട, നാല് കോഴിക്കുഞ്ഞ്, അഞ്ച് പട്ടിക്കുഞ്ഞുങ്ങൾ.

**Experience Learning Picture Symbol**

**ELPS** സാധ്യത ഉപയോഗപ്പെടുത്തി അവതരിപ്പിക്കണം.

✍ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് എന്നീ സംഖ്യകൾ ഉറപ്പിക്കുന്നതിനായി ജീവികളുടെ കട്ടൗട്ട് മണൽത്തടത്തിലും ബിഗ് സ്ക്രീനിലും ചിത്രീകരിക്കണം.

തീപ്പെട്ടിക്കൂടുകൾ മറ്റ് വസ്തുക്കൾ എന്നിവ ഇവിടെ ഉപയോഗപ്പെടുത്തണം.

## വർക്ക് ഷീറ്റ് 1

ടീച്ചർ ക്ലാസിൽ കുറുക്കന്റെയും കൊക്കിന്റെയും കഥ പറഞ്ഞുകൊടുക്കുന്നു. കുറുക്കനും കൊക്കും ചങ്ങാതിമാരായിരുന്നു. ഒരിക്കൽ കുറുക്കൻ കൊക്കിനെ ഒരു വിരുന്നിന് ക്ഷണിച്ചു. പരന്ന പാത്രത്തിൽ പായസമാണ് നൽകിയത്. കുറുക്കൻ വേഗത്തിൽ നക്കിക്കുടിച്ചു. കൂർത്ത കൊക്കുള്ള കൊക്കിന് കുടിക്കാനായില്ല. പിന്നീടൊരിക്കൽ കൊക്ക് കുറുക്കനെ ക്ഷണിച്ചു. വായ്‌വട്ടം കുറഞ്ഞ പാത്രത്തിലാണ് പായസം വിളമ്പിയത്. കുറുക്കനു കുടിക്കാനായില്ല. കഥയിലെ സന്ദർഭങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് പ്രവർത്തനം പൂർത്തീകരിക്കണം.

✍ നിറയെ/ഒഴിഞ്ഞത് എന്നീ ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനമാണിത്. നിറയെ ഉള്ളതിന് ✓ അടയാളമിടണം. അതുപോലെ ഒഴിഞ്ഞ പാത്രത്തിനും ✓ അടയാളമിടണം. ക്ലാസ് റൂമിൽ മറ്റു സന്ദർഭങ്ങൾ ഒരുക്കി ആശയം ഉറപ്പിക്കണം. (കുപ്പി, ഗ്ലാസ്, പ്ലേറ്റ് എന്നിവ ഉപയോഗിച്ചുള്ള സന്ദർഭങ്ങൾ)

- ടെക്സ്റ്റ് ബുക്ക് പേജ് 16-ലെ പ്രവർത്തനം. ചിത്രത്തിൽ ആരൊക്കെയാണുള്ളത്? ഓരോന്നും എണ്ണുന്നു അതിനുശേഷം സംഖ്യാചിഹ്നവുമായി പൊരുത്തപ്പെടുത്തി എഴുതുന്നു. മാതൃകനോക്കി താഴത്തെ കളത്തിൽ എഴുതുന്നു.
- ചിത്രത്തിൽ ഓരോന്നും എത്ര എണ്ണമെന്ന് ചോദിച്ചുകൊണ്ട് സംഖ്യകൾ കുത്തുകളിലൂടെ എഴുതട്ടെ.
- ടെക്സ്റ്റ് ബുക്കിൽ എഴുതിയ ശേഷം നോട്ട് ബുക്കിലും ചിത്രങ്ങൾ വരച്ചോ/ഒട്ടിച്ചോ/പതിപ്പിച്ചോ ഓരോന്നിന്റെയും സംഖ്യകൂടി എഴുതട്ടെ.

## വർക്ക് ഷീറ്റ് 2

## വീട്ടുപകരണങ്ങൾ

- ചിത്രത്തിലെ വസ്തുക്കൾ എണ്ണുന്നു. ഓരോന്നും എത്രവീതം?

ചിത്രത്തിൽ എത്ര കപ്പുകളുണ്ട്? - 4

അതേ എണ്ണം വരുന്ന സാധനങ്ങൾ ഏതാണ്?

കുട്ടികൾ ഉത്തരം പറയുന്നു. അവയ്ക്ക് ഒരേ നിറം നൽകണം.

എണ്ണങ്ങളെ പൊരുത്തപ്പെടുത്തുന്നതോടൊപ്പം അവയ്ക്ക് ഒരേ നിറവും നൽകണം.

☑ വിലയിരുത്തൽ

എണ്ണം കൃത്യതപ്പെടുത്തി നിറം നൽകിയിട്ടുണ്ട്. ഒരേ എണ്ണം വരുന്നവയ്ക്ക് ഒരേ നിറം നൽകിയിട്ടുണ്ട്.

- കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നവ പരസ്പരം വിലയിരുത്തുന്നു. ☑ ടീച്ചർ വിലയിരുത്തുന്നു. വർക്ക് ഷീറ്റിൽ സ്റ്റാർ ഒട്ടിച്ച്/വരച്ച് അഭിനന്ദിക്കുന്നു. ശരിയായി ചെയ്യാത്തവർക്ക് ആവശ്യമായ പിന്തുണ നൽകണം. വസ്തുക്കൾ ഉപയോഗിച്ച് വർക്ക് ഷീറ്റ് പൂർത്തിയാക്കാൻ സഹായിക്കുന്നു.

ടെക്സ്റ്റ് ബുക്ക് പേജ് 17ലെ പാട്ട് താളത്തിൽ പാടിക്കൊടുക്കണം. കുട്ടികൾ സംഘമായി പാടി രസിക്കട്ടെ.

(താൾ-പേജ് എന്താണെന്ന് പരിചയപ്പെടുത്തണം)

ഒന്നാം താളിൽ എന്തുണ്ട്? പൂച്ച

എത്ര പൂച്ച ഉണ്ട്?



ഒന്ന്. ഒരു പൂച്ച.

ഒന്നെന്ന് എങ്ങനെ എഴുതും.

- 10 പേജുള്ള ഒരു കുഞ്ഞു പുസ്തകം. 3 എണ്ണം A4 ഷീറ്റ് എടുക്കുക. (A4ന്റെ പകുതിവലുപ്പം മതി) സ്റ്റാപ്ലർ അടിച്ചു തയ്യാറാക്കുന്നു. ഇടതുഭാഗത്ത് ഒരു ചിത്രം ഒട്ടിക്കുന്നു. വലതുഭാഗത്ത് 1 എന്ന് വലുതായി എഴുതുന്നു. 1 മുതൽ 5 വരെയുള്ള സ്റ്റെൻസിൽ തയ്യാറാക്കി അതിനുള്ളിൽ ക്രയോൺ കൊണ്ട് നിറം കൊടുത്ത് സംഖ്യകൾ ചിത്ര പുസ്തകത്തിൽ രേഖപ്പെടുത്തട്ടെ. ഇതുപോലെ 5 വരെ തയ്യാറാക്കുന്നു. പോർട്ട് ഫോളിയോ ആക്കി മാറ്റുന്നു.

ഒന്നു മുതൽ അഞ്ചുവരെ സംഖ്യകൾ തിരിച്ചറിയാനും അത് എഴുതാനും കുട്ടിക്ക് കഴിയണം

ഒന്നു മുതൽ അഞ്ചു വരെ എണ്ണം തിരിച്ചറിയുകയും അവയെ സംഖ്യയുടെ എഴുത്തുരൂപവുമായി പൊരുത്തപ്പെടുത്തുകയും വേണം.

ചിത്രം ഒന്ന് 1

 ഒന്ന് 1


ഇതേ രീതിയിൽ 2, 3, 4, 5 എന്നീ സംഖ്യകളുടെ എണ്ണവും എഴുത്തു രീതിയുമായി ബന്ധിപ്പിച്ച് എഴുതണം.

## വിരൽച്ചിത്രങ്ങൾ

- ടെക്സ്റ്റ് ബുക്ക് പേജ് 18-ലെ മാതൃകപോലെ വിരൽ, ചായത്തിൽ മുക്കി പതിപ്പിച്ച് ചിത്രങ്ങൾ ഉണ്ടാക്കുന്നു. തന്നിരിക്കുന്ന സംഖ്യകൾക്കനുസരിച്ച് വേണം വിരൽ പതിപ്പിക്കേണ്ടത്.
- പുഴുവിനെ വരച്ച് 2, 3, 4, 5 സംഖ്യകൾ ക്രമമായി എഴുതണം.
- വ്യക്തിഗത വിലയിരുത്തൽ ☑, പരസ്പര വിലയിരുത്തൽ ഇവ നടത്തണം. അഭിനന്ദിക്കുന്നു👍.

# പ്രവർത്തനം 3

## കളികൾ



- **നമ്പറുകളെഴുതിയ തീപ്പെട്ടിക്കൂടുകൾ (1 മുതൽ 5 വരെ)**

തീപ്പെട്ടിക്കൂടിനുപുറത്തുള്ള സംഖ്യകൾക്ക് യോജിച്ച അത്രയും മഞ്ചാടികൾ/മുത്തുകൾ തീപ്പെട്ടിക്കുള്ളിൽ എണ്ണിയിടുന്നു.

**എന്റെ ഗണിതസഞ്ചി**

മഞ്ചാടി, മുത്തുകൾ, ഈർക്കിൽകെട്ടുകൾ, കുപ്പിയുടെ അടപ്പുകൾ, പുളിങ്കുരു, സംഖ്യാകാർഡുകൾ, തീപ്പെട്ടിക്കൂടുകൾ തുടങ്ങിയവ ഗണിത സഞ്ചിയിൽ നിറയ്ക്കുമല്ലോ.

### എണ്ണം പറയാം എടുത്തു വയ്ക്കാം

- ടീച്ചർ ഒരു സംഖ്യ പറയുന്നു (ഉദാ: 5)
- കുട്ടി അത്രയും എണ്ണം മുത്തുകൾ സഞ്ചിയിൽ നിന്ന് മുന്നിൽ എടുത്തു വയ്ക്കുന്നു
- ശരിയാണോ എന്നു പരസ്പരം വിലയിരുത്തുന്നു ☑
- സംഖ്യകൾ മാറ്റി പറഞ്ഞ് കളി തുടരാം. (സംഖ്യാബോധം)

### ഊഹിക്കൽ കളി

- രണ്ടുപേർ ഗ്രൂപ്പാകുന്നു
- 5 മഞ്ചാടികൾ കയ്യിൽ വയ്ക്കുന്നു


ഒരു കുട്ടി 5 മഞ്ചാടികൾ 2 കൈകളിലായി പിടിക്കുന്നു

- ഒരു കൈയിലെത്ര? അടച്ചു പിടിച്ച വലതു കൈനീട്ടി ചോദിക്കണം
- രണ്ടാമത്തെ കുട്ടി ഊഹിച്ചു പറയണം
- കൈ തുറന്ന് എണ്ണി നോക്കണം. തെറ്റോ ശരിയോ കണ്ടെത്തണം

### ഇനി – മറുകൈ നീട്ടി ചോദിക്കണം – ഇതിലെത്ര?

- ഊഹിച്ചുപറയണം – തുറന്നു പിടിച്ച് എണ്ണി നോക്കി കണ്ടെത്തണം

5 ഈർക്കിൽ എടുത്ത് ഓരോരുത്തരും വീട് ഉണ്ടാക്കണം



| 3 | 4 | 1 | 2 | 5 | 5 സംഖ്യാകാർഡുകൾ |
|---|---|---|---|---|---|

കാർഡുകളോട് അത്രയും എണ്ണം മുത്തുകൾ ചേർത്തുവയ്ക്കണം.

നോട്ടുബുക്കിൽ സംഖ്യാകാർഡ് വരയ്ക്കുന്നു. ഓരോന്നിനും യോജിച്ചവണ്ണം കുത്തുകൾ വരച്ചുചേർക്കുന്നു.

## വർക്ക്ഷീറ്റ് 3

ലഡുകൊടുക്കാം

കുട്ടികളെ എണ്ണി നോക്കട്ടെ. അത്രയും എണ്ണം ലഡുവിന് മഞ്ഞനിറം കൊടുക്കട്ടെ.

കൃത്യമായി കണ്ടെത്താൻ കഴിഞ്ഞവർ ആരൊക്കെ? ഒന്നിനോടൊന്നു പൊരുത്തപ്പെടുത്തി കണ്ടെത്താൻ കഴിയില്ലേ?

കൂട്ടങ്ങളാക്കാം

- രണ്ടു കുടകൾ ഒരു വട്ടത്തിലാക്കാം. ആകെ കുടകൾ എണ്ണി നോക്കട്ടെ. രണ്ടെണ്ണം കണ്ടെത്തി ഒരു വട്ടത്തിലാക്കട്ടെ. ഇതുപോലെ മറ്റുള്ളവയും ചെയ്യട്ടെ. വട്ടത്തിലാക്കിയവയും പുറത്തുള്ളവയും ചേർത്ത് ആകെ നോട്ടുബുക്കിൽ എഴുതട്ടെ.

- മൂന്ന് ഉടുപ്പുകളെ ഒരു വട്ടത്തിലാക്കുക

- അഞ്ച് പന്തുകൾക്ക് നിറം നൽകാം.

പരസ്പരം വിലയിരുത്തട്ടെ. ടീച്ചറും വിലയിരുത്തണം☑.

- **മാജിക് – രഹസ്യം പറയാമോ?**

ഒരു തീപ്പെട്ടിക്കൂടിൽ 5 മുത്തുകൾ ഇടുന്നു.

ടീച്ചർ കണ്ണടച്ച് തീപ്പെട്ടിക്കൂട് തുറന്ന് 2 മുത്ത് മാറ്റുന്നു

ക്ലാസിൽ ഒരു കുട്ടിയുടെ കൈയിൽ കൊടുക്കുന്നു

കുട്ടിയോട് തീപ്പെട്ടിക്കൂട് കുലുക്കാൻ ആവശ്യപ്പെടുന്നു

"അതിലെത്ര മുത്തുകൾ ഉണ്ടെന്ന് ഞാൻ പറയാം"

ടീച്ചർ '3' എന്ന് വിളിച്ചു പറയുന്നു. കുട്ടികൾ എണ്ണി നോക്കുന്നു – ശരിയാണെന്ന് കണ്ടെത്തുന്നു. കളി ആവർത്തിക്കുന്നതിലൂടെ രഹസ്യം കുട്ടികൾ കണ്ടെത്തട്ടെ. അവരും മാജിക് ചെയ്യട്ടേ.

## നോക്കൂ പറയൂ...

പാഠപുസ്തകം പേജ് 19 ലെ ചിത്രം, ഐ.സി.ടി.യുടെ സഹായത്തോടുകൂടി ക്ലാസിൽ വലുതായി പ്രദർശിപ്പിക്കുന്നു. ചിത്രത്തെ ആസ്പദമാക്കി എന്തൊക്കെ കാര്യങ്ങൾ പറയാം?

കോഴിക്ക് നാല് കുഞ്ഞുങ്ങളുണ്ട്. താറാവിന് 5 കുഞ്ഞുങ്ങളുണ്ട്. 3 പൂമ്പാറ്റകൾ പറക്കുന്നു. നീല താറാവിനെക്കാൾ വലുതാണ് മഞ്ഞ താറാവ്. മഞ്ഞ താറാവിന്റെ പിന്നിൽ 3 കുഞ്ഞുങ്ങൾ, മുന്നിൽ 2 കുഞ്ഞുങ്ങൾ. താറാവിൻ കുഞ്ഞുങ്ങളെക്കാൾ കുറവാണ് കോഴിക്കുഞ്ഞുങ്ങൾ.

പറയുന്ന കാര്യത്തിൽ ഗണിത വസ്തുതകൾ ഉൾക്കൊള്ളിക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

വലുത്/ചെറുത്, ചെറിയ കൂട്ടം/വലിയ കൂട്ടം, കൂടുതൽ, കുറവ് തുടങ്ങിയവ.

## കൂട്ടം കൂട്ടിയാൽ

മണൽത്തടത്തിൽ താറാവും കുഞ്ഞുങ്ങളും ചിത്രീകരിക്കുന്നു.

അമ്മത്താറാവിന്റെ മുന്നിൽ 2 കുഞ്ഞ്

പിന്നിൽ 3 കുഞ്ഞ്

2 ഉം 3 ഉം 5



മണൽത്തടത്തിൽ മാറ്റി ചിത്രീകരിക്കുന്നു.

മുന്നിൽ 2 കുഞ്ഞ്, ഒപ്പം 1 കുഞ്ഞ്, പിന്നിൽ 2 കുഞ്ഞ്




2 ഉം 1 ഉം 2 ഉം 5

2 കുഞ്ഞ് കൂടി മുന്നിലെത്തി

ഇപ്പോഴോ?

കുട്ടികൾ പ്രതികരിക്കുന്നു.

കുട്ടികൾ സ്വയം കണ്ടെത്തുന്നു.




മറ്റു സാധ്യതകൾ കൂടി പരിചയപ്പെടുത്തുന്നു.

3 ഉം 2 ഉം 5

1 ഉം 4 ഉം 5

ഗണിത പുസ്തകത്തിൽ ചിത്രീകരിക്കുന്നു.

☑ടീച്ചർ വിലയിരുത്തുന്നു.

വർക്ക് ഷീറ്റ് 4 ലെ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു.

തന്നിരിക്കുന്ന സംഖ്യയ്ക്കുനേരെ അത്രയും എണ്ണം പൊട്ടുകൾ ഒട്ടിക്കട്ടെ. ഓരോ ചിത്രത്തിന് നേരെയും അതാതിന്റെ എണ്ണം എഴുതട്ടെ.

അമലും ഇമയും തിത്തിരിയും നടന്നുനടന്ന് പൂന്തോട്ടത്തിൽ എത്തി. പൂന്തോട്ടത്തിൽ പല നിറത്തിലുള്ള പൂക്കൾ കണ്ടു. ഐ.സി.ടി.യുടെ സഹായത്തോടെ ചിത്രീകരിക്കുന്നു. പൂക്കളുടെ എണ്ണം ഓരോന്നും എത്രവീതം എണ്ണി പറയുന്നു. പാഠപുസ്തകത്തിൽ രേഖപ്പെടുത്തുന്നു.

- പാടി രസിക്കാം...

ടീച്ചർ പാട്ട് പാടിക്കൊടുക്കുന്നു. (ചന്തത്തിൽ ചോപ്പുള്ള ചെമ്പരത്തി ഒന്ന്)

കുട്ടികൾ ചേർന്നു പാടുന്നു. വരികൾ പാടിക്കൊണ്ട് പാഠപുസ്തകത്തിൽ എണ്ണം രേഖപ്പെടുത്തുന്നു. ☑ ടീച്ചർ വിലയിരുത്തുന്നു. നേരത്തെ തയ്യാറാക്കിയ രീതിയിലുള്ള കുഞ്ഞുപുസ്തകത്തിൽ പൂക്കളുടെ ചിത്രം വരച്ച്/ഒട്ടിച്ച് വലത്തെ പേജിൽ സംഖ്യ വലുതായി എഴുതിച്ചേർക്കട്ടെ. പോർട്ട് ഫോളിയോ ആക്കി മാറ്റാം.

## വർക്ക് ഷീറ്റ് 5

## പല്ലുകൾ വരയ്ക്കൂ

കുട്ടിക്ക് പല്ലുകൾ വരയ്ക്കട്ടെ. മുകളിലെത്ര പല്ലുകൾ? താഴെയോ? എഴുതൂ.

വണ്ടിന് പുള്ളിയിടാം. രണ്ടു ചിറകുകളിലും കൂടി 5 വട്ടങ്ങൾ വരയ്ക്കണം. ഓരോ ചിത്രത്തിലും വരച്ച എണ്ണം എഴുതട്ടെ.

പ്രവർത്തനം വേഗത്തിൽ പൂർത്തിയാക്കിയവർ ആരൊക്കെ?

ടീച്ചർ വിലയിരുത്തുന്നു.

നോട്ട് ബുക്കിൽ വണ്ടിന്റെ ചിത്രം വരച്ച് പുള്ളികൾ ഇട്ട് സംഖ്യ എഴുതട്ടെ.

## കളിക്കൂട്ടുകാർ

ഇമയുടെയും അമലിന്റെയും കൂട്ടുകാരാണ് റയാനും ആവണിയും. തിത്തിരിയെ കാണാൻ റയാനും ആവണിയും എത്തി. റയാന് കാണാനാവില്ല. റയാൻ തിത്തിരിയെ തൊട്ടുനോക്കുന്നു. 'നല്ല മിനുസം' റയാൻ പറഞ്ഞു. റയാൻ കാഴ്ച പരിമിതിയുള്ള കുട്ടിയാണ്. ഭിന്നശേഷി സൗഹൃദക്ലാസ് റൂമിന്റെ സാധ്യതകൾ ടീച്ചർ പ്രയോജനപ്പെടുത്തണം.

- ക്ലാസിൽ വ്യത്യസ്ത തരത്തിലുള്ള കളിപ്പാട്ടങ്ങൾ കൊണ്ടുവന്ന് ഒരേ പോലുള്ളവ/ഒരേ തരത്തിലുള്ളവ തരം തിരിച്ചു വെക്കാനുള്ള പ്രവർത്തനം നൽകുന്നു. അവ ഓരോന്നും എത്ര വീതമുണ്ടെന്ന് കണ്ടെത്തട്ടെ (ഓരോന്നും 5 ൽ താഴെ എണ്ണം ക്രമീകരിക്കണം)

അമൽ കളിപ്പാട്ടങ്ങൾ കൊണ്ടുവന്നു. അമലും ഇമയും റയാനും ആവണിയും കളിപ്പാട്ടങ്ങളുമായി കളിച്ചു. അവർ കളിപ്പാട്ടങ്ങളിൽ ഒരേ പോലുള്ളവയെ കൂട്ടങ്ങളാക്കി.

- കുട്ടികൾ പാഠപുസ്തകത്തിലെ കളിപ്പാട്ടങ്ങൾ എണ്ണുന്നു.

ഓരോന്നും എത്രവീതം? കുട്ടികൾ കണ്ടെത്തുന്നു.

ഒരേ എണ്ണമുള്ള കളിപ്പാട്ടങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുന്നു.

പമ്പരം, വിസിൽ, റോബോട്ട്, കളിവണ്ടി, ബാറ്റ്, പന്ത്, ചെണ്ട ഇവയുടെ എണ്ണം എണ്ണി എഴുതുന്നു.

ഇനി എണ്ണാനുള്ളത് ഏത് കളിപ്പാട്ടം? (പാവ)

കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു. എഴുതുന്നു.

എത്രയെണ്ണം? എഴുതുന്നു.

എല്ലാവരും ഒരേ എണ്ണമാണോ എഴുതിയത്?

☑ടീച്ചർ വിലയിരുത്തുന്നു.

## വർക്ക്ഷീറ്റ് 6


കലാപ്രവൃത്തിപരിചയ പ്രവർത്തനങ്ങളെ ഗണിതവുമായി ഉദ്ഗ്രഥിക്കുന്നതിനുള്ള സാധ്യതയാണിത്.

ചിത്രത്തിലെ തണ്ടുകളിൽ ഇലകൾ മുറിച്ച് ഒട്ടിച്ചുചേർക്കട്ടെ. (ഗണിതമിഠായി പേജ് 53 ൽ നിന്നും മുറിച്ചെടുക്കണം) വെണ്ടയ്ക്ക മുറിച്ച് ചായത്തിൽ മുക്കി പതിപ്പിച്ച് പൂക്കൾ ഉണ്ടാക്കട്ടെ. ഒട്ടിച്ച ഇലകൾ, പൂമ്പാറ്റകൾ, പൂക്കൾ എന്നിവയുടെ എണ്ണം എഴുതട്ടെ.

## തൊട്ടുനോക്കി എഴുതാം

- 2 എന്ന് എങ്ങനെയെഴുതും? ഇമ ഒരു കാർഡെടുത്ത് റയാന് കൊടുത്തു. റയാൻ മണൽക്കടലാസിലൂടെ വിരലോടിച്ചു.

മണൽക്കടലാസിൽ വെട്ടിയെടുത്ത 1 മുതൽ 5 വരെയുള്ള സംഖ്യാകാർഡുകൾ തയ്യാറാക്കുക. റയാന് 1 എന്ന് എങ്ങനെയാണ് എഴുതേണ്ടത് എന്നറിയില്ല. നിങ്ങൾക്ക് പറഞ്ഞുകൊടുക്കാമോ? ഇമ റയാന് ഒരു പാട്ടുപാടിക്കൊടുത്തു. നമുക്കും പാടിയാലോ? ടീച്ചറും കുട്ടികളും ചേർന്ന് പാട്ടുപാടുന്നു. (ഒന്നെന്നെങ്ങനെ എഴുതാം)



മണൽക്കടലാസിൽ തയ്യാറാക്കിയ സംഖ്യാകാർഡുകളിലൂടെ വിരൽ ഓടിക്കുന്ന അനുഭവം കുട്ടികൾക്ക് നൽകിയാലോ? സംഖ്യകൾ തൊട്ടറിയുന്ന അനുഭവം കുട്ടികൾക്ക് രസകരമായിരിക്കില്ലേ? സജീവമായ ഒരു ക്ലാസ് റൂം പ്രവർത്തനമായി ഇതിനെ മാറ്റിയെടുക്കാം.

കളികഴിഞ്ഞ് റയാനും ആവണിയും വീട്ടിലേക്ക് മടങ്ങി. അപ്പോഴാണ് ഇമയും അമലും വീടിന്റെ പുറത്ത് നിന്ന് ഒരു കിളിയുടെ കരച്ചിൽ കേട്ടത്. അവർ മുറ്റത്തുചെന്നുനോക്കി തിത്തിരിക്കിളിയുടെ അമ്മയായിരുന്നു അത്. ഇമയും അമലും തിത്തിരിക്ക് അമ്മയെ കാണിച്ചുകൊടുത്തു. കൂട്ടുകാരോട് റ്റാ...റ്റാ... പറഞ്ഞ് തിത്തിരി അമ്മയോടൊപ്പം പോയി.

## ഇലകൾ വരയ്ക്കൂ

- പൂവിലെ സംഖ്യയുടെ അത്രയും എണ്ണം ഇലകൾ വരച്ചുചേർക്കുന്നു. ഇലകളുടെ എണ്ണവും സംഖ്യയും പൊരുത്തപ്പെടുത്തുന്നു. പരസ്പര വിലയിരുത്തൽ ടീച്ചർ വിലയിരുത്തൽ എന്നിവയ്ക്ക് സാധ്യത.
- ചിത്രത്തിൽ ഒരേ എണ്ണമുള്ള കൊക്കുകളുടെ കൂട്ടം കണ്ടുപിടിക്കുന്നു. വരച്ചുയോജിപ്പിക്കുന്നു. ☑വിലയിരുത്തുന്നു.

## നിറം കൊടുക്കാം

- കളത്തിലെ എണ്ണവും നിറവും നോക്കി അതേ എണ്ണംവരുന്ന കിളികൾക്ക് അതേ നിറം നൽകുന്നു. ഏത് നിറമുള്ളതാണ് കൂടുതൽ? എത്ര? വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യയിലേക്ക് ക്രമമായി എഴുതട്ടെ. ശേഷി വിലയിരുത്തുന്നതിനുള്ള ഒരു പ്രവർത്തനമായി ഇത് കാണണം.

ഈ യൂണിറ്റിനുശേഷം ☑വിലയിരുത്തേണ്ട ഗണിതാശയങ്ങൾ

- പ്രാഗ് ഗണിതാശയങ്ങൾ
- ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കാൻ കഴിയും
- വസ്തുക്കളുടെ എണ്ണത്തിനുതുല്യമായ ചിത്രങ്ങൾ വരയ്ക്കാനും തിരിച്ചറിയാനും കഴിയും.
- വലിയ കൂട്ടം, ചെറിയ കൂട്ടം തിരിച്ചറിയാൻ കഴിയും.
- വസ്തുക്കളുടെയും ചിത്രങ്ങളുടെയും കൂട്ടത്തെ സംഖ്യയുമായി പൊരുത്തപ്പെടുത്താൻ കഴിയും.
- ഒന്നു മുതൽ അഞ്ച് വരെ തുടർച്ചയായി എഴുതാൻ കഴിയും.
- 5-നെ വ്യത്യസ്ത കൂട്ടങ്ങളാക്കാൻ കഴിയും.

## അമ്മമാരുടെ ശില്പശാല

അമ്മമാരുടെ ശില്പശാല പ്രവേശനോത്സവത്തിന് മുമ്പായി സംഘടിപ്പിക്കാം. വ്യത്യസ്ത പഠനോപകരണങ്ങളുടെ നിർമാണമാണ് ഉദ്ദേശിക്കുന്നത്.

- തീപ്പെട്ടിക്കൂടുകൾ ഓരോരുത്തർക്കും 5 എണ്ണം വീതം. അവയെ നിറമുള്ള കടലാസുകൊണ്ട് പൊതിയണം. ഒരു വശത്ത് 1, 2, 3, 4, 5 എന്നി രേഖപ്പെടുത്തണം. മറുവശത്ത്, ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് എന്നും എഴുതണം. കുട്ടികൾ പുറത്തെഴുതിയ എണ്ണം മഞ്ചാടികൾ ഓരോ തീപ്പെട്ടികളിലും നിറയ്ക്കണം. പരസ്പരവും ടീച്ചറും വിലയിരുത്തണം.

### ഡൈസ് നിർമാണം

- പേസ്റ്റ് ബോക്സ് സമചതുരാകൃതിയിൽ മുറിച്ചെടുത്ത് 6 വശങ്ങളും അടയുന്ന വിധം തിരിച്ചും മറിച്ചും ക്രമീകരിക്കണം. തുടർന്ന് അത് കടലാസ് കൊണ്ട് പൊതിയുക. ഒന്നിൽ ഓരോ വശത്തും കുത്തുകൾ വരയ്ക്കണം. 5 വരെ മതി. ഒരു വശം ഒഴിച്ചിട്ടാൽ മതി. മറ്റൊരു ഡൈസിൽ 1 മുതൽ 5 വരെ അക്കത്തിലെഴുതണം. കുത്തുകളും സംഖ്യയുമായി പൊരുത്തപ്പെടുത്തണം.

### സംഖ്യാകാർഡുകൾ

- ഒരേ വലുപ്പത്തിൽ കാർഡുകൾ ചാർട്ടുപേപ്പറിൽ മുറിച്ചെടുക്കുക, അവയിൽ സംഖ്യകൾ എഴുതുക. മറുവശത്ത് അക്ഷരത്തിൽ എഴുതുക.

### ചിത്രപുസ്തകം

- മൂന്ന് A4 ഷീറ്റുകൾ എടുത്ത് വിലങ്ങനെ പകുതിയായി മുറിക്കുക. ഇതുകൊണ്ട് 2 പുസ്തകം തയ്യാറാക്കാം. ഒരു പകുതി എടുത്ത് രണ്ടായി മടക്കി സ്റ്റാപ്ലർ അടഞ്ഞ ഭാഗത്ത് അടിച്ചാൽ പുസ്തകം റെഡിയായി. മുൻ കവറിലും പിൻകവറിലും ചിത്രങ്ങൾ വരച്ചോ ഒട്ടിച്ചോ ഭംഗിയാക്കാം. 'ഒന്നാം താളിൽ എന്തുണ്ടെന്ന്' പാട്ടിൽ നിർദേശിച്ച ചിത്രങ്ങൾ ഒട്ടിച്ചോ വരച്ചോ ചിത്രപുസ്തകം രൂപീകരിക്കാം. 'ചന്തത്തിൽ ചോപ്പുള്ള ചെമ്പരത്തി' എന്ന പാട്ടിന് മറ്റൊരു പുസ്തകം തയ്യാറാക്കാം.

# 2

# നടന്ന്... നടന്നങ്ങനെ...





# നടന്നു നടന്നങ്ങനെ

## ആമുഖം

കാടിനെയും കാട്ടിലെ ജീവികളെയും പശ്ചാത്തലമാക്കി പൂജ്യം മുതൽ ഒൻപത് വരെയുള്ള സംഖ്യകൾ ഈ യൂണിറ്റിലൂടെ പരിചയപ്പെടുത്തുന്നു. പ്രാഗ്-ഗണിതാശയങ്ങളും താരതമ്യ പദങ്ങളും മുമ്പ് പരിചയപ്പെട്ടിട്ടുണ്ടല്ലോ? അവയുടെ ചാക്രികാരോഹണ സാധ്യതകൾ ഈ യൂണിറ്റിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. ചിത്രങ്ങൾ, പാട്ടുകൾ, കളിപ്രവർത്തനങ്ങൾ എന്നിവയിലൂടെ വസ്തുക്കൾ എണ്ണിയെടുക്കുന്നതിനും കൂട്ടങ്ങൾ ആക്കുന്നതിനും അക്കങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തുന്നതിനും അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. താരതമ്യത്തിലൂടെ പരസ്പരബന്ധം കണ്ടെത്തി സംഖ്യകളെ ക്രമീകരിക്കാനും സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കാനും ഈ യൂണിറ്റിലൂടെ കഴിയണം. ഇതോടൊപ്പം കുട്ടികൾ നേടിയ കഴിവുകൾ വിലയിരുത്തുന്ന തരത്തിലുള്ള പ്രവർത്തനപുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെയൊക്കെ അടിസ്ഥാനത്തിൽ കുട്ടികളെ പഠനത്തിലേക്ക് നയിക്കാൻ ആവശ്യമായ ഫീഡ്ബാക്കുകൾ നൽകാൻ അധ്യാപികയ്ക്ക് കഴിയേണ്ടതുണ്ട്.

## പഠന ലക്ഷ്യങ്ങൾ

- 0 മുതൽ 9 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.
- സംഖ്യകൾ താരതമ്യം ചെയ്ത് ചെറുത്/വലുത് കണ്ടെത്തുന്നു.
- ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണി എടുക്കുന്നു (9 വരെ).
- നിത്യജീവിതവുമായി ബന്ധപ്പെട്ട് 9 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. ലഘു പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
- വസ്തുക്കൾ, ചിത്രങ്ങൾ എന്നിവ നിരീക്ഷിച്ചും താരതമ്യപദങ്ങൾ ഉപയോഗിച്ചു വിശദമാക്കാനും കഴിയുന്നു.
- കൂട്ടങ്ങളെ വ്യത്യസ്ത രീതിയിൽ ക്രമീകരിക്കാനും പറയാനും കഴിയുന്നു.

## മേഖല

- പ്രാഗ് ഗണിതാശയം ഗുണപരം

## സമയം

25 മണിക്കൂർ

| ആശയങ്ങൾ/ ധാരണകൾ | ശേഷികൾ/ നൈപുണികൾ | പ്രവർത്തന-പ്രക്രിയ വിശദാംശങ്ങൾ | പഠനോപകരണങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ/ പോർട്ട് ഫോളിയോ |
|---|---|---|---|---|---|
| • ചിത്രങ്ങളെ ഗണിത പദങ്ങൾ ഉൾപ്പെട്ട ഭാഷയിൽ വിശദീകരിക്കാൻ കഴിയും | • വസ്തുക്കൾ, ചിത്രങ്ങൾ എന്നിവ നിരീക്ഷിച്ച് താരതമ്യ പദങ്ങൾ ഉപയോഗിച്ച് വിശദമാക്കാൻ കഴിയുന്നു. | • ചിത്രവായന<br>• ചിത്രങ്ങൾ/വസ്തുക്കൾ നിരീക്ഷിക്കുന്നു<br>• താരതമ്യ പദങ്ങൾ ഉപയോഗിച്ച് വിശദീകരിക്കുന്നു<br>• വലുത്/ചെറുത് മുകളിൽ/താഴെ നീളം കൂടിയത് / കുറഞ്ഞത് എന്നിവ കണ്ടെത്തുന്നു. പറയുന്നു | • വ്യത്യസ്ത വലുപ്പമുള്ള/നീളമുള്ള/അകലെയുള്ള/മുകളിലും താഴെയുമുള്ള വസ്തുക്കൾ/ചിത്രങ്ങൾ | • പരസ്പരബന്ധം കണ്ടെത്തൽ | • നിരീക്ഷിച്ച് പറയാൻ കഴിയുന്നു. നിർദ്ദേശമനുസരിച്ച് അടയാളപ്പെടുത്തുന്നു.<br>• നോട്ട് ബുക്ക്<br>• വർക്ക്ഷീറ്റ് |
| • കൂട്ടങ്ങളിൽ എത്രയുണ്ടെന്ന് അറിയാൻ എണ്ണിത്തിട്ടപ്പെടുത്തണം | • കൂട്ടങ്ങളിൽ എത്രയുണ്ടെന്ന് എണ്ണി കണ്ടെത്തി പറയാൻ കഴിയുന്നു | • കഥപറയാം<br>• തൊപ്പി നിർമ്മാണം<br>• തിരകെ കൊടുത്ത തൊപ്പികൾ | • കടലാസ്<br>• കുപ്പിയുടെ അടപ്പുകൾ<br>• പശ | • സഹാനുഭൂതി | • എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുന്നു |
| • കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കാൻ കഴിയും | • ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു (9 വരെ) | • മഞ്ചാടി എണ്ണം<br>• പെൻസിലുകൾ<br>• കടലാസ് തൊപ്പികൾ | • മഞ്ചാടി<br>• പെൻസിൽ<br>• കടലാസു തൊപ്പികൾ<br>• തീപ്പെട്ടിക്കൂടുകൾ | • പങ്കുവയ്ക്കൽ | • നിശ്ചിത എണ്ണം നിർദേശമനുസരിച്ച് എണ്ണിയെടുക്കാൻ കഴിയുന്നു. |

| | | | | | |
|---|---|---|---|---|---|
| • കൂട്ടങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തി കൂടുതൽ/കുറവ്/തുല്യ മായത് കണ്ടെത്താൻ കഴിയും | • കൂട്ടങ്ങൾ താരതമ്യം ചെയ്ത് കൂടുതൽ/ കുറവ്/തുല്യമായത് കണ്ടെത്തി പറയുന്നു | • യോജിപ്പിക്കൂ എണ്ണ മെഴുതൂ<br>• കുളക്കരയിൽ<br>• കുഞ്ഞിക്കിളികൾ<br>• കൂടുതലേത്<br>• ഒരേ എണ്ണം ഏതൊക്കെ? | • ചോക്ക്<br>• കുഞ്ഞിക്കിളി<br>• കട്ടൗട്ടുകൾ<br>• മണൽത്തടം | • സ്നേഹം | • കൂടുതൽ/കുറവ്/ തുല്യം കണ്ടെത്തി പറയാൻ, വരയ്ക്കാൻ കഴിയുന്നു<br>• നോട്ട് ബുക്ക് |
| • രണ്ട് കൂട്ടങ്ങളെ താര തമ്യം ചെയ്ത് ചെറുത്/ വലുത് കണ്ടെത്താൻ കഴിയും | • സംഖ്യകൾ താരതമ്യം ചെയ്ത് ചെറുത്/വലുത് കണ്ടെത്തുന്നു | • ഇതളുകൾ വരയ്ക്കാം (വർക്ക് ഷീറ്റ്)<br>• വലുതേത്, ചെറുതേത്? (സം ഖ്യകൾ)<br>• ഞാനാണ് വലുത് | • ചായം (വ്യത്യസ്ത നിറ ത്തിൽ)<br>• പച്ചക്കറികൾ<br>• പഴങ്ങൾ<br>• പന്ത്, ബലൂൺ<br>• സംഖ്യാകാർഡുകൾ | | • വർക്ക് ഷീറ്റ്<br>• സംഖ്യകൾ ഒത്തു നോക്കി ചെറുതും വലുതും കണ്ടെത്തി പറയുന്നു, രേഖപ്പെ ടുത്തുന്നു |
| • ഒന്ന്, രണ്ട്, മൂന്ന്, നാല് അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത് എന്നിവ സൂചിപ്പിക്കാൻ ഉപ യോഗിക്കുന്ന ചിഹ്നങ്ങ ളാണ് 1, 2, 3, 4, 5, 6, 7, 8, 9 | • 1 മുതൽ 9 വരെ സംഖ്യകൾ വായിക്കു കയും എഴുതുകയും ചെയ്യുന്നു | • വർക്ക് ഷീറ്റ് - 10 നിവർത്തിയ വിരലു കൾ<br>• സംഖ്യാ കാർഡു കൾ വായിക്കൽ, എഴുതൽ<br>• സംഖ്യാ റിബൺ പൂരിപ്പിക്കൽ | • സംഖ്യാകാർഡുകൾ<br>• സംഖ്യാറിബൺ | | • 1-9 വരെ സംഖ്യ കൾ വായിക്കാനും, എഴുതാനും കഴിയുന്നു.<br>• വർക്ക് ഷീറ്റ്<br>• നോട്ട് ബുക്ക് |
| • ഒന്നുമില്ല എന്നു സൂ ചിപ്പിക്കുവാൻ 0 എന്ന ചിഹ്നം ഉപയോഗി ക്കുന്നു | • പൂജ്യത്തിന്റെ അവതരണം | • പാടാം എഴുതാം (എത്ര മാങ്ങ)<br>• തൊപ്പിയില്ലാത്ത സഞ്ചി<br>• ലോക്ക് തുറക്കാം | • മാങ്ങ കട്ടൗട്ട്<br>• സഞ്ചി, തൊപ്പി<br>• മൊബൈൽ ഫോൺ | • സംഘബോധം | • സംഘമായി പാട്ടുപാ ടാൻ കഴിയുന്നു.<br>• പൂജ്യം അടയാളപ്പെ ടുത്താൻ കഴിയുന്നു |

| | | | | | |
|---|---|---|---|---|---|
| • വസ്തുക്കളെ വ്യത്യസ്ത രീതിയിൽ കൂട്ടങ്ങളാക്കി മാറ്റാൻ കഴിയും | • കൂട്ടങ്ങളെ വ്യത്യസ്ത രീതിയിൽ ക്രമീകരിക്കാനും പറയാനും കഴിയുന്നു. നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു | • ഫോട്ടോ നോക്കൂ<br>• മുയലുകൾക്ക് തൊപ്പി കൊടുക്കാം<br>• തോരണം ഉണ്ടാക്കാം<br>• ഒളിച്ചിരിക്കുന്നതാര്<br>• ഒന്നുകൂടുതൽ<br>• ഞാൻ ആര്? വർക്ക് ഷീറ്റ് 12<br>• മണിച്ചട്ടം നിർമാണം | • തൊപ്പികൾ<br>• തോരണം<br>• പൂക്കൾ, ക്രയോൺ<br>• മണിച്ചട്ടം<br>• മുത്തുകൾ | • പങ്കുവയ്ക്കൽ | • വസ്തുക്കളെ വ്യത്യസ്ത രീതിയിൽ ക്രമീകരിച്ചുവെക്കാനും ചിത്രരൂപത്തിൽ രേഖപ്പെടുത്താനും കഴിയുന്നു.<br>• വർക്ക് ഷീറ്റ്<br>• പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ കഴിയുന്നു.<br>• നോട്ട്ബുക്ക് |

## പ്രവർത്തനം 1

### ചിത്രവായന

- ചിത്രത്തിൽ ആരൊക്കെയുണ്ട്? എന്തൊക്കെയുണ്ട്?
- എവിടെയാണ് കഥ നടക്കുന്നതെന്ന് പറയാമോ?
- ചിത്രത്തിൽ എത്ര പൂമ്പാറ്റകൾ ഉണ്ട്? പൂക്കൾ എത്രയാണ്?
- മൂന്ന് പൂക്കൾ കൂടുതൽ സന്തോഷത്തിലാണ്? എങ്ങനെ മനസ്സിലായി?
- എന്തുകൊണ്ടായിരിക്കും? നിങ്ങളുടെ അഭിപ്രായം ഊഹിച്ചുപറയൂ.

- ഓരോ പൂമ്പാറ്റയും ഒരോ പൂവിൽ ഇരുന്നു. ബാക്കി എത്ര പൂക്കൾ?
- ഇനിയും ധാരാളം ചോദ്യങ്ങൾ ഗണിതവുമായി ബന്ധപ്പെട്ട് ചോദിക്കാനാവില്ലേ?
- മുയലിന്റെ/മാൻകുട്ടിയുടെ വാൽ, ചെവി, കാലുകൾ എന്നിവയുടെ എണ്ണം.
- ഉയർന്നു നിൽക്കുന്ന വള്ളികളിൽ ഉയരം കൂടിയത്/കുറഞ്ഞത്, കൂടുതൽ ഇലകളുള്ളത്/കുറഞ്ഞ ഇലകളുള്ളത് (എണ്ണാതെ ഒറ്റനോട്ടത്തിൽ പറയുന്നത്?)
- കൂടുതൽ ഇതളുകളുള്ള പൂവ്/കുറഞ്ഞ ഇതളുകളുള്ളത്.
-
-

(ഈ യൂണിറ്റ് കഴിഞ്ഞ് തിരിച്ചുവന്ന് എണ്ണിനോക്കി പറയാനും എഴുതാനുമുള്ള സാധ്യതകൾ പരിഗണിക്കാം.)

ഭാഷാപഠനത്തിലും ഗണിതപഠനത്തിലും ധാരാളമായി സംസാരിക്കാനുള്ള അവസരം കുട്ടികൾക്കുണ്ടാവണം. ഗണിത ക്ലാസിൽ ഗണിതവുമായി ബന്ധപ്പെട്ട താരതമ്യപദങ്ങളും സംഖ്യാപദങ്ങളുമൊക്കെ ഭാഷണത്തിൽ ഉൾപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകണം. ഇതിനായി, ചോദ്യങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ ബോധപൂർവ്വം ഉൾപ്പെടുത്തണം.


## പ്രവർത്തനം 2

### കഥ പറയാം.

കാട് ചുറ്റാൻ കിട്ടുമുയലും മിന്നുമാനും പുറപ്പെട്ടു.

അവർ കാട്ടിലൂടെ നടന്നുതുടങ്ങി.

ഒരു വലിയ മരത്തിന്റെ ചുവട്ടിലെത്തി.



കിട്ടു മുയൽ മരച്ചുവട്ടിൽ ഒരു സഞ്ചികണ്ടു.

മിന്നൂ ഇതാ ഒരു സഞ്ചി. ഇതിൽ എന്തായിരിക്കും?

കിട്ടു പറഞ്ഞു.

നമുക്ക് തുറന്നുനോക്കിയാലോ? മിന്നുമാൻ ചോദിച്ചു.

അകത്ത് എന്താണെന്ന് നോക്കാം.

മരച്ചുവട്ടിലെ സഞ്ചി കിട്ടുമുയലും മിന്നുമാനും തുറന്നുനോക്കി.

ഹായ് തൊപ്പികൾ.

അവർ കുറച്ചു തൊപ്പികൾ പുറത്ത് എടുത്തുവച്ചു.

- കഥയിലെ സന്ദർഭങ്ങൾ ടെക്സ്റ്റ് ബുക്കിൽ നിന്നും കുട്ടികൾ കണ്ടെത്തിപ്പറയട്ടെ.
- ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു.

➲ മരത്തിന് 'മുകളിൽ' ആരൊക്കെയാണുള്ളത്?

➲ മരത്തിന് താഴെയോ?

കുട്ടികൾക്ക് കഥ പറയാനുള്ള വാക്യങ്ങൾ പ്രാഗ്-ഗണിതാശയങ്ങൾ ഉൾപ്പെടുത്തി പറയാൻ കഴിയണം.

✍ സഞ്ചിയുടെ അകത്ത്/ പുറത്ത് എത്ര തൊപ്പികൾ എന്ന് കണ്ടെത്തി എഴുതട്ടെ. തൊപ്പികൾക്ക് നിറവും നൽകട്ടെ.

## എത്ര തൊപ്പികൾ

✍ ഓരോരുത്തരും എടുത്ത തൊപ്പികൾ കണ്ടെത്തി എഴുതട്ടെ.

- പാഠപുസ്തകം പരസ്പരം കൈമാറി ☑ വിലയിരുത്തുന്നു.
- കുട്ടികളുടെ അവതരണം
- ശരിയായി എഴുതിയവരെ സ്റ്റാർ നൽകി അഭിനന്ദിക്കണം👍. ശരിയാകാത്തവർക്ക് ആവശ്യമായ പിന്തുണ നൽകി തെറ്റുതിരുത്താൻ അവസരം നൽകണം.


✍ അടപ്പ്/തീപ്പെട്ടിക്കൂടിനകത്ത് മഞ്ചാടികൾ എടുക്കുക. നിശ്ചിത എണ്ണം പുറത്ത്

വയ്ക്കുക. അകത്തെത്ര/പുറത്തെത്ര കണ്ടെത്തൽ

- തൊപ്പി നിർമ്മാണം
- നിർദ്ദേശിക്കുന്ന എണ്ണത്തിന് നിറം നൽകുക
- നിറമുള്ളതും നിറമില്ലാത്തതും കൂട്ടിപ്പറയുക
- നോട്ട് ബുക്കിൽ തൊപ്പികൾ വരച്ച് നിശ്ചിത എണ്ണത്തിന് നിറം കൊടുക്കുക. (വ്യത്യസ്ത രീതിയിൽ നിറം കൊടുത്തവയുടെ എണ്ണത്തിന് മാറ്റം വരുത്തി ചെയ്യുക)


ഒന്നുമില്ല എന്ന് സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ചിഹ്നമാണ് പൂജ്യം (0) എന്ന ആശയം ഈ സന്ദർഭങ്ങളിൽ അവതരിപ്പിക്കണം.

- നോട്ടുബുക്കിൽ കിളികളുടെ ചിത്രം വരച്ച് എഴുതു



മണൽത്തടത്തിൽ ജീവികളുടെ മാതൃക/കട്ടൗട്ട് ചിത്രീകരിക്കുക. അവ കുട്ടികൾ പറഞ്ഞുകൊണ്ട് ചെയ്യട്ടെ (5 മുതൽ 0 വരെ)

## തൊപ്പിയുണ്ടാക്കാം



കുപ്പിവെള്ളത്തിന്റെ അടപ്പിനേക്കാൾ അല്പം വലിയ കടലാസ് വട്ടത്തിൽ മുറിച്ചെടുക്കുക. അടപ്പിന്റെ തുറന്ന ഭാഗത്ത് ഒട്ടിക്കുക. അടപ്പിന്റെ ഉള്ളിൽ വരുന്ന ഭാഗത്തേക്ക് കീറി ഉള്ളിൽ പശ തേച്ച് ഒട്ടിക്കുക. തൊപ്പിയായി.

അണ്ണാന്റെ ചിത്രം ക്ഷണക്കത്തിൽ ഒട്ടിച്ച് മുറിച്ചെടുക്കുക. ചിത്രത്തിന്റെ പിന്നിൽ ഈർക്കിൽ വെച്ച് സെലോടേപ്പ് ഒട്ടിക്കുക. ഈർക്കിൽ മണൽത്തടത്തിൽ കുത്തിവെക്കാനാവും വിധം താഴേക്ക് നീളം വേണം.

ഈ രീതിയിൽ കുരങ്ങിന്റെയും മുയലിന്റെയും കട്ടൗട്ടുകൾ ഉണ്ടാക്കുക. ഓരോന്നും 10 വീതം വേണം.

മണൽത്തടത്തിൽ 8 അണ്ണാൻമാർ. ഓരോരുത്തർക്കും തൊപ്പിവേണം. കുട്ടി മൂടിയുടെ തൊപ്പികൾ എണ്ണിയെടുത്ത് തൊപ്പിവെച്ചുകൊടുക്കണം.

## പാടാം എഴുതാം

'എത്ര മാങ്ങ' എന്ന പാട്ട് അവതരണം. 5, 4, 3, 2, 1, 0 എന്നിങ്ങനെ രേഖപ്പെടുത്തുകയും വേണം.

ചാർട്ടിൽ മാവിന്റെ ചിത്രം വരച്ച് മാങ്ങകളുടെ കട്ടൗട്ടുകൾ എടുത്ത് മാറ്റുംവിധത്തിൽ ഒട്ടിച്ചും പാട്ട് അവതരിപ്പിക്കാം.

ആവശ്യമെങ്കിൽ സമാനമായ പാട്ടുകൾ ഉൾപ്പെടുത്തി കൂടുതൽ ഉദാഹരണങ്ങൾ നൽകണം.

## വരച്ച് യോജിപ്പിക്കുക


- ഓരോ കൂട്ടത്തിലും എത്രപേരുണ്ട്? ഓരോരുത്തർക്കും ഒരു തൊപ്പി വീതം വേണം. എണ്ണി നോക്കി പൊരുത്തപ്പെടുത്തി വരയ്ക്കണം.

- കുട്ടികൾ വ്യക്തിഗതമായി വരച്ചുയോജിപ്പിക്കുന്നു
- പരസ്പരം വിലയിരുത്തുന്നു
- പൂർണ്ണമായും വരച്ചുചേർത്തവരെ സ്റ്റാർ നൽകി അഭിനന്ദിക്കുന്നു
- സഹായം വേണ്ടവർക്ക് ആവശ്യമായ പിന്തുണ നൽകി തെറ്റു തിരുത്താൻ അവസരം നൽകുന്നു.

## വർക്ക്ഷീറ്റ് 7

## തൊപ്പിനിർമ്മാണം

ടീച്ചർ നിർദ്ദേശം നൽകുന്നു. (കടലാസ് തൊപ്പി നിർമ്മാണം)




➲ ഒരു വലിയ ഷീറ്റ് ന്യൂസ് പേപ്പർ എടുക്കുക. അടഞ്ഞ ഭാഗത്ത് മധ്യം കണ്ടെത്തുക. മധ്യഭാഗത്ത് നിന്ന് നടുവിലെ മടക്കിലേക്ക് ഒരു വശം കോണായി മടക്കുക ഇത് രണ്ട് വശത്തേക്കും ചെയ്യുക. (ചിത്രം 3)

മറുപുറമായി വെച്ചശേഷം ഇരുവശങ്ങളിൽ നിന്നും ചിത്രം 5 ൽ കാണുന്നവിധം മടക്കിവെക്കുക.

അടിവശം മുകളിലേക്ക് മടക്കി ഇരുവശത്തുമുള്ള ചെറിയ മടക്കുകളിലേക്ക് തിരുകി വെക്കുക. മുകളിലെ കൂർത്തഭാഗം താഴെയുള്ള മടക്കിനുള്ളിലേക്ക് താഴ്ത്തിവെക്കുക (ചിത്രം 7)

കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു.

## വർക്ക്ഷീറ്റ് 8

## തൊപ്പിക്കൂട്ടം

ഏഴിന്റെ സംഖ്യാവ്യാഖ്യാനമാണ് ഇത്. നാലും മൂന്നും ഏഴ്, അഞ്ചും രണ്ടും ഏഴ്, ഒന്നും ആറും 7, മൂന്നും നാലും ഏഴ് എന്നിങ്ങനെ എഴുതി പൂർത്തിയാക്കുകയും ചെയ്യണം.

- പരസ്പരം വിലയിരുത്തൽ, ☑ടീച്ചറുടെ വിലയിരുത്തൽ എന്നിവ നടക്കണം.

## തിരികെ കൊടുത്ത തൊപ്പികൾ

- 6, 7 എന്നീ അക്കങ്ങളുടെ അവതരണമാണ് ഇവിടെ.
- 6, 7 ന്റെ അവതരണം
- നിർമ്മിച്ച തൊപ്പികൾ ഉപയോഗിച്ച് ഓരോരുത്തരും കൊടുത്ത തൊപ്പികൾ ഉപയോഗിച്ച് കണ്ടെത്തുകയും പറയുകയും ചെയ്യട്ടെ.

വ്യത്യസ്ത വസ്തുക്കളുടെ കൂട്ടങ്ങളിൽ നിന്നും 6 എണ്ണവും 7 എണ്ണവും എണ്ണിയെടുക്കൽ, 6 എണ്ണമുള്ളതും 7 എണ്ണമുള്ളതുമായി ചിത്രങ്ങളിൽ 6, 7 എന്നിവ തിരിച്ചറിയാൻ എല്ലാ വസ്തുക്കളേയും ചിത്രങ്ങളേയും 6, 7 സംഖ്യയുമായി പൊരുത്തപ്പെടുത്തൽ എന്നിവ ഈ സമയം ക്ലാസ് മുറിയിൽ നടക്കണം.

പിങ്കി മൂന്നെണ്ണം കിട്ടു രണ്ടെണ്ണം ആകെ അഞ്ചു തൊപ്പികൾ. വസ്തുക്കൾ ഉപയോഗിച്ച് ക്ലാസിൽ അവതരിപ്പിക്കണം. അണ്ണാൻ ഒരു തൊപ്പി കൂടി കൊടുത്തു. അഞ്ചും ഒന്നും ആറ്.

മാൻ ഒരു തൊപ്പി കൂടി തിരികെ നൽകി. ആറും ഒന്നും 7. വ്യത്യസ്ത വസ്തുക്കൾ കടലാസു തൊപ്പികൾ എന്നിവ ഉപയോഗിച്ച് കുട്ടികൾ സ്വയം കണ്ടെത്തുന്ന രീതിയിൽ ഇവ അവതരിപ്പിക്കണം.

മിന്നുവും കിട്ടുവും നടത്തം തുടർന്നു. അപ്പോൾ പിന്നിൽ നിന്നും ഒരു വിളി കേട്ടു. ആരൊക്കെയാണ് വിളിച്ചത്? ചിത്രം നോക്കി കണ്ടെത്തി പറയൂ.

- മുന്നിലാര്, പിന്നിലാര്?
- മിന്നുമാനിന്റെ മുന്നിലാര്?

ചിത്രം നോക്കിക്കണ്ടെത്തൂ.

“ശരി” അടയാളമിടൂ.

പിന്നിലാര്? കണ്ടെത്തി ഇമോജിവരയ്ക്കട്ടെ.

എല്ലാവർക്കും വിശന്നു.

പൂമ്പാറ്റ മാമ്പഴങ്ങൾ കണ്ടു. കിളി കൊത്തിയിടാം എന്നു പറഞ്ഞു. കുഞ്ഞിക്കിളി മാമ്പഴങ്ങൾ കൊത്തിയിട്ടു.

- ആകെ എത്ര മാമ്പഴങ്ങൾ? 5.
- എത്ര പേരാണ് ഉണ്ടായിരുന്നത്? 4 പേർ.

ഓരോരുത്തർക്കും ഒന്നു വീതം കൊടുത്താൽ എത്ര മാമ്പഴം വേണം? നാലു മാമ്പഴം.

ബാക്കി ഒരു മാമ്പഴം.

4-ഉം 1-ഉം 5.

1-ഉം 4-ഉം 5.

- ആകെ 5 മാമ്പഴം. കൂട്ടുകാരുടെ എണ്ണം 4.
- ഓരോരുത്തർക്കും ഒന്നുവീതം. ഒന്നിനോടൊന്നു പൊരുത്തപ്പെടുത്തിയാൽ ഒന്നു ബാക്കിവരും.
- നാലുപേർക്ക് നാല് മാമ്പഴം കൊടുത്തു. 5 ആകാൻ ഒരെണ്ണം ബാക്കിവരും.
- 5 ൽ നിന്നും 4 കുറച്ചാൽ ഒന്നുബാക്കി.
- ഇതുപോലെ വ്യത്യസ്ത വഴികൾ കണ്ടെത്തി പങ്കുവയ്ക്കൂ.
- നോട്ടുപുസ്തകത്തിൽ വരച്ച് പൊരുത്തപ്പെടുത്തട്ടെ.
- 5 മാമ്പഴങ്ങളുടെ കട്ടൗട്ടുകൾ തയ്യാറാക്കി.

- മിന്നുമാൻ, കിട്ടുമുയൽ, പൂമ്പാറ്റ, കുഞ്ഞിക്കിളി എന്നിവയുടെ കട്ടൗട്ടുകൾ വച്ച് പൊരുത്തപ്പെടുത്തി കണ്ടെത്തൽ.
- മാൻ, മുയൽ, കുഞ്ഞിക്കിളി, പൂമ്പാറ്റ കട്ടൗട്ടുകൾ, മൈദമാവ് കൊണ്ട് നിർമ്മിച്ച അഞ്ച് മാമ്പഴങ്ങൾ ഇവ ഉപയോഗിച്ച് ഒന്നിനോടൊന്ന് പൊരുത്തപ്പെടുത്തി മാമ്പഴങ്ങൾ നൽകൂ.

ഓരോരുത്തരും കണ്ടെത്തിയ വഴികൾ പറയട്ടെ.

## യോജിപ്പിക്കൂ, എണ്ണം എഴുതൂ.

വലിയ കൂട്ടം മുയൽ എടുത്തു. കൂട്ടത്തിൽ വലിയ കൂട്ടം ഏതെന്ന് കണ്ടെത്തൽ, എണ്ണം എഴുതൽ.


ചെറിയ കൂട്ടം അണ്ണാനെടുത്തു. ചെറിയ കൂട്ടം കണ്ടെത്തി എഴുതൽ. മാനിന് ഒരേ എണ്ണമുള്ള രണ്ടു കൂട്ടങ്ങൾ വേണം. അവ ഏതൊക്കെയെന്ന് കണ്ടെത്തു. എണ്ണവും

എഴുതണം. ബാക്കി വന്ന കൂട്ടത്തിൽ എത്ര എണ്ണം ഉണ്ട്? അവയുടെ എണ്ണവും എഴുതട്ടെ.

➲ കൂട്ടുകാർ കണ്ടെത്തിയ രീതി എന്തായിരുന്നു?

പരസ്പരം വിലയിരുത്തൽ, ടീച്ചറുടെ വിലയിരുത്തൽ ☑, സഹായം ആവശ്യമുള്ളവർക്ക് പിന്തുണ നൽകി തെറ്റ് തിരുത്താനുള്ള അവസരം എന്നിവ നടക്കണം.

## കുളക്കരയിൽ



✍ ചിത്രം നോക്കി ഓരോന്നും എണ്ണി എഴുതട്ടെ.
തവള 4, കൊക്ക് 3, ആമ 1, മീൻ 6, താറാവ് 2, തുമ്പി 5.
ഏതാണ് കൂടുതൽ എന്ന് കണ്ടെത്തട്ടെ. മീനിന്റെ കളത്തിന് നിറം നൽകട്ടെ. 1, 2, 3, 4, 5, 6 എന്നിങ്ങനെ ക്രമത്തിൽ എഴുതൽ.
പിന്തുണ വേണ്ടവർക്ക് വസ്തുക്കൾ ഉപയോഗിച്ച് എണ്ണാനുള്ള അവസരം നൽകണം.

➲ ചിത്രത്തിൽ ആമ്പൽപ്പൂക്കൾ എത്ര എണ്ണം ഉണ്ട്?

## കുഞ്ഞിക്കിളികൾ

8, 9 എന്നീ സംഖ്യകളുടെ അവതരണമാണ് ഈ പ്രവർത്തനത്തിൽ ആദ്യം ക്ലാസിൽ വസ്തുക്കൾ, ചിത്രങ്ങൾ ഉപയോഗിച്ചുള്ള അനുഭവങ്ങൾ നൽകണം. താഴെപ്പറയുന്ന ഘട്ടത്തിലൂടെ കടന്നുപോകണം. തുടർന്ന് ടെക്സ്റ്റ് ബുക്ക് പ്രവർത്തനം ചെയ്യാം.

✍ ഒരു നിശ്ചിത കൂട്ടത്തിൽ നിന്നും 8 എണ്ണവും 9 എണ്ണവും എണ്ണിയെടുക്കൽ

✍ എട്ടെണ്ണമുള്ളതും ഒമ്പതെണ്ണമുള്ളതുമായി ചിത്രങ്ങൾ നോക്കി എണ്ണം പറയൽ

✍ വസ്തുക്കളുമായും ചിത്രങ്ങളുമായും 8, 9 ന്റെ സംഖ്യാ കാർഡുകൾ പൊരുത്തപ്പെടുത്തിവയ്ക്കൽ

➲ ഇപ്പോൾ എത്ര കുഞ്ഞു കിളികൾ മരക്കൊമ്പിൽ ഉണ്ട്?

8 എണ്ണം. അതാ കുഞ്ഞിക്കിളി കൂടെ മൂന്നുപേരും ഉണ്ടല്ലോ. അമ്മക്കിളി പറഞ്ഞു. കുഞ്ഞിക്കിളി അമ്മയുടെ അടുത്ത് കൊമ്പിൽ എത്തി. ഇപ്പോൾ എട്ടും ഒന്നും 9 കിളിക്കുഞ്ഞുങ്ങൾ .

ഇവ കട്ടൗട്ട് ഉപയോഗിച്ച് ക്ലാസിൽ ചെയ്യുമല്ലോ? ഇനി ആറ് മുതൽ 9 വരെ കുത്തുകളിലൂടെ എഴുതൂ.

## വർക്ക്ഷീറ്റ് 9

## ഇതളുകൾ വരക്കാം

വിരൽ ചായത്തിൽ മുക്കി, നൽകിയ എണ്ണത്തിനനുസരിച്ച് പൂക്കൾക്ക് ഇതളുകൾ ഉണ്ടാക്കൂ.


പൂർത്തിയാക്കിയവ പ്രദർശിപ്പിക്കൂ. പരസ്പരം വിലയിരുത്തട്ടെ☑.

കുഞ്ഞിക്കിളിയെ അമ്മയുടെ അടുത്തെത്തിച്ചു. അവർ തിരികെ എത്തി. അപ്പോഴാണ് മുയൽ മൊബൈൽ ഫോൺ കണ്ടത്. അത് തൊപ്പിക്കാരന്റെതായിരിക്കും മാൻകുട്ടി പറഞ്ഞു.

- ചിത്ര വായന. ചിത്രത്തിൽ ആരൊക്കെയുണ്ട്?
- പുതുതായി വന്ന കഥാപാത്രം ആരാണ്? ഇപ്പോൾ ആകെ എത്ര പേർ?

## ലോക്ക് തുറക്കാം

- ഓരോരുത്തരും മൊബൈൽ ഫോണിലെ നമ്പറുകൾ അമർത്തി ലോക്ക് തുറക്കാൻ ശ്രമിച്ചു. അവർ അമർത്തിയ നമ്പറുകൾ മഞ്ഞ നിറത്തിൽ തെളിഞ്ഞു. അപ്പോഴേക്കും മൊബൈൽ ഫോൺ തിരഞ്ഞ് മാമനും അവിടെയെത്തി. എന്റെ മൊബൈൽ ഫോൺ തുറക്കണമെങ്കിൽ ഒന്നു മുതൽ 9 വരെ ക്രമമായി അമർത്തണം. രാമുണ്ണി മാമൻ പറഞ്ഞു.




- ആർക്കായിരിക്കും ലോക്ക് തുറക്കാൻ കഴിഞ്ഞത്?

കുട്ടികൾ കണ്ടെത്തി പറയട്ടെ. തത്ത

ഒന്നു മുതൽ 9 വരെ ക്രമത്തിൽ എഴുതട്ടെ. മൊബൈൽ ഫോണിൽ ഒരു നമ്പർ കൂടി ഉണ്ടല്ലോ? അത് കണ്ടെത്തി എഴുതുക. (0)

- 1 മുതൽ 9 വരെ എഴുതിയ തീപ്പെട്ടിക്കൂടുകൾ/സംഖ്യാകാർഡുകൾ/നമ്പർ ടോക്കൺ ഉപയോഗിച്ചു കളിക്കാം. ആദ്യം 1 മുതൽ 9 വരെ ക്രമീകരിച്ചു വയ്ക്കട്ടെ. കണ്ണടയ്ക്കാൻ പറയുക. ഏതെങ്കിലും ഒരു കാർഡ് മാറ്റുക. കണ്ണുതുറന്ന് മാറ്റിയത് ഏതെന്ന് കണ്ടെത്തിപ്പറയൽ
- 3 തുടർച്ചയായ സംഖ്യാകാർഡുകൾ നിരത്തിവെക്കണം. കണ്ണടച്ചശേഷം ആദ്യം/നടുവിൽ/അവസാനം ഏതെങ്കിലും ഒരു കാർഡ് കമഴ്ത്തിവെക്കണം. കമഴ്ത്തിയത് ഏതെന്ന് കണ്ടെത്തൽ

നോട്ടുബുക്കിൽ വിട്ട സംഖ്യ എഴുതിച്ചേർക്കൽ

| | | |
|---|---|---|
| 2 | 3 | |

| | | |
|---|---|---|
| | 8 | 9 |

| | | |
|---|---|---|
| 4 | | 6 |

കൂടുതൽ പ്രവർത്തനങ്ങൾ നൽകുമല്ലോ?


## വർക്ക് ഷീറ്റ് 10

നിവർത്തിയ വിരലുകളുടെ എണ്ണം എഴുതൽ. ക്രമത്തിൽ ആക്കി എഴുതൽ. പരസ്പരം വിലയിരുത്തൽ ☑.

## ഫോട്ടോ നോക്കൂ

മൊബൈൽ ഫോണിൽ എടുത്ത ഫോട്ടോ നോക്കൂ. ചുവടെ കൊടുത്ത പ്രസ്താവന കളുടെ ശരി ഉത്തരത്തിന് ശരി അടയാളം ഇടട്ടെ. ഇവ വിലയിരുത്തണം. ആവശ്യമുള്ള വർക്ക് പിന്തുണ ഉറപ്പാക്കണം.

## മുയലുകൾക്ക് തൊപ്പി കൊടുക്കാം



- മുയലുകളാണോ തൊപ്പികളാണോ കൂടുതൽ?
- കൂടുതലുള്ളതിന് ശരി ഇടുക. ഒരു തൊപ്പി വീതം എടുത്താൽ മുയലുകൾക്ക് എത്ര തൊപ്പികൾ വേണം?

ഒന്നിനോട് ഒന്ന് പൊരുത്തപ്പെടുത്തി കണ്ടെത്താം. അതല്ലെങ്കിൽ ആറ് മുയലുകൾക്ക് ആറു തൊപ്പി. ബാക്കി തൊപ്പികൾ മൂന്ന് എന്ന രീതിയിലും കണ്ടെത്താം.

ഇവ വസ്തുക്കൾ ഉപയോഗിച്ച് ക്ലാസിൽ ചെയ്യണം.

## വർക്ക് ഷീറ്റ് 11

### തോരണം ഉണ്ടാക്കാം

- തോരണത്തിന് മുകളിൽ എഴുതിയ എണ്ണത്തിനനുസരിച്ച് പൂക്കൾ ഉണ്ടോ? എണ്ണി നോക്കി കണ്ടെത്തട്ടെ.

  പൂക്കൾ വരയ്ക്കാൻ പേന അടപ്പ്/കാരറ്റ്/വെണ്ട മുറിച്ചെടുത്ത് ചായത്തിൽ മുക്കി പതിച്ചാലും മതിയല്ലോ.

➡ ഓരോ തോരണത്തിലും ഇപ്പോഴുള്ള പൂക്കൾ എത്രയാണ്? എണ്ണി എഴുതട്ടെ. എണ്ണത്തിനനുസരിച്ച് പൂക്കൾ വരച്ചു ചേർക്കൂ. വരച്ചു ചേർത്ത പൂക്കളുടെ എണ്ണം എഴുതൂ. കണ്ടെത്തിയ രീതി പറയട്ടെ. കുട്ടികൾ പരസ്പരവും ☑ടീച്ചറും വിലയിരുത്തട്ടെ.

## ഒളിച്ചിരിക്കുന്നതാര്?

ഒന്നു മുതൽ 9 വരെ ക്രമമായി യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കി നിറം കൊടുക്കൂ. 1 മുതൽ 9 വരെ ക്രമമായി തിരിച്ചറിഞ്ഞ് വരയ്ക്കാൻ എത്ര പേർക്ക് സാധിക്കുന്നുണ്ട്.

സംഖ്യകൾ ക്രമമായി എഴുതാം.

ഒന്നു മുതൽ 9 വരെ ക്രമമായി എഴുതൽ. തിരിച്ചറിഞ്ഞ് രേഖപ്പെടുക്കാൻ കഴിയുന്നുണ്ടോ? പരസ്പരവും ടീച്ചറും വിലയിരുത്തട്ടെ. പിന്തുണ വേണ്ടവരെ കണ്ടെത്തി സഹായം നൽകണം.

## ഒന്നു കൂടുതൽ

9 പൂക്കൾ ഉണ്ട്. മഞ്ഞയും ചുവപ്പും നിറം കൊടുക്കാം. മഞ്ഞപ്പൂക്കളേക്കാൾ ഒന്ന് കൂടുതലായിരിക്കും ചുവന്ന പൂക്കളുടെ എണ്ണം. ഓരോരുത്തരും കണ്ടെത്തിയ വഴികൾ വ്യത്യസ്തമായിരിക്കും. പങ്കുവെക്കട്ടെ.

ഞാൻ കണ്ടെത്തിയ രീതി

- ആദ്യം ഒരു പൂവിനു ചുവന്ന നിറം നൽകി. ബാക്കിയുള്ളവയിൽ പകുതി എണ്ണം വീതം മഞ്ഞയും ചുവപ്പും നിറം നൽകി.
- ഒന്നിടവിട്ട് മഞ്ഞയും ചുവപ്പും നിറം നൽകി ബാക്കി വരുന്നതിന് ചുവപ്പ് നിറം നൽകി
- മറ്റേതെങ്കിലും വഴികളുണ്ടോ? പറയട്ടെ

## വർക്ക് ഷീറ്റ് 12

### ഞാൻ ആര്?

കടങ്കവിതകൾ വായിക്കൂ. ഉത്തരം കണ്ടെത്തൂ. ഉത്തരമായി വരുന്ന സംഖ്യാ ചിത്രത്തിന് നിറം കൊടുക്കൂ. കൂടുതൽ കടങ്കവിതകൾ ഉണ്ടാക്കി അവതരിപ്പിക്കൂ.

മണൽത്തടത്തിൽ 1 മുതൽ 9 വരെയുള്ള സംഖ്യകളുടെ കട്ടൗട്ടുകൾ ക്രമമായി കുത്തി നിർത്തുക. 4 ഒഴിവാക്കി വേണം ക്രമീകരിക്കേണ്ടത്. ടീച്ചർ കടങ്കഥ അവതരിപ്പിക്കുന്നു. പിന്നിലുണ്ടേ മൂന്ന്, മുന്നിലുണ്ടേ അഞ്ച്, നടുവിലിരിക്കും എന്നുടെ പേര് പറയൂ പറയൂ ചങ്ങാതീ. മണൽത്തടത്തിൽ കുട്ടി ക്രമീകരിക്കണം. കുട്ടികൾ 4 എടുത്തുവെച്ച് ക്രമീകരിക്കണം. സംഖ്യകൾ മാറ്റി കൂടുതൽ ഉദാഹരണങ്ങൾ നൽകൂ. പിന്നിലുണ്ടേ 6 ശേഷമുണ്ടേ 8....

ദൃശ്യാനുഭവം നൽകാതെ സംഖ്യകൾ മാത്രമായി അവതരിപ്പിക്കുമ്പോൾ മുമ്പ്, ശേഷം, ഇടയിൽ എന്നീ പദങ്ങൾ ഉപയോഗിക്കണം. ഉദാ: 4, 5, 6 ആണെങ്കിൽ 5 ന് മുമ്പ് 4, 5 ന് ശേഷം 6, 4 നും 6 നും ഇടയിൽ 5.

## ആറെണ്ണത്തെ ഒരു കുട്ടയിൽ ആക്കൂ.

അകത്ത് എത്ര? പുറത്തെത്ര? ഇതേ മാതൃകയിൽ മറ്റുള്ളവയും ചെയ്യൂ. പത്തിന്റെ അവതരണ ഘട്ടത്തിൽ ഇതിലേക്ക് തിരിച്ചുവന്ന് പത്തിന്റെ വ്യാഖ്യാനമായി അവതരിപ്പിക്കാം. ആദ്യം ഓരോ ചിത്രങ്ങളും എണ്ണിനോക്കട്ടെ തുടർന്ന് 6 എണ്ണം എണ്ണി ഒരു വട്ടത്തിലാക്കട്ടെ. എണ്ണി എടുക്കാനുള്ള ശേഷി വിലയിരുത്തണം. ഇതുപോലെ ഓരോ പ്രവർത്തനവും പൂർത്തീകരിക്കണം.

## വർക്ക് ഷീറ്റ് 13
## മണിച്ചട്ടം ഉണ്ടാക്കാം

- സംഖ്യകളുടെ വ്യാഖ്യാനവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റാണിത്.

അൻവിത മണിച്ചട്ടത്തിൽ മുത്തുകൾ വരച്ചു ചേർക്കുകയാണ്. ഓരോ കമ്പിയിലും 10 മുത്തുകൾ വീതം വ്യത്യസ്ത രീതിയിലാണ് വരച്ചത്. ഒന്നാമത്തെ കമ്പിയിൽ ഒന്നും ഒമ്പതും 10. രണ്ടാമത്തെ കമ്പിയിൽ രണ്ടും എട്ടും 10. തുടർന്നുള്ളവയും വരച്ചു ചേർക്കട്ടെ.

തുല്യമായവ ചേർത്തു വരക്കൂ.

ഏഴും ഒന്നും = അഞ്ചും മൂന്നും.

ആറും മൂന്നും = ഒന്നും എട്ടും. ഇതുപോലെ മറ്റുള്ളവയും ചെയ്യട്ടെ.

വ്യക്തിഗതമായി വർക്ക്ഷീറ്റ് പൂർത്തിയാക്കൽ, പരസ്പരം വിലയിരുത്തൽ, ടീച്ചറുടെ വിലയിരുത്തൽ☑, ക്ലാസിൽ അവതരണം, തെറ്റു തിരുത്തൽ ഈ ഘട്ടങ്ങളിലൂടെ കടന്നു പോകണം.

അഭിനന്ദിക്കുന്നു.

## നിറം നൽകാം

ഗണിതമിഠായി പേജ് 18ന് നിറം നൽകണം.

ഈ യൂണിറ്റിലെ വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നതോടെ ഓരോ കുട്ടിയും താഴെപ്പറയുന്നവ നേടിയോ എന്ന് വിലയിരുത്തണം☑.

- വസ്തുക്കൾ, ചിത്രങ്ങൾ നിരീക്ഷിച്ചും എണ്ണിനോക്കിയും എത്രയുണ്ടെന്ന് കണ്ടെത്താൻ കഴിയും (9 വരെ)
- ഒന്നു മുതൽ 9 വരെ തുടർച്ചയായി എണ്ണാനും പറയാനും കഴിയും.
- തൊട്ടുമുമ്പുള്ള സംഖ്യ, ഇടയിലുള്ള സംഖ്യ, ശേഷമുള്ള സംഖ്യകണ്ടെത്താൻ കഴിയും.
- ചെറുതിൽ നിന്നും വലുതിലേക്ക് സംഖ്യകളെ ക്രമീകരിക്കാൻ കഴിയും.
- 5 മുതൽ 10 വരെയുള്ള സംഖ്യകളെ രണ്ട് വ്യത്യസ്ത സംഖ്യകളുടെ തുകയായി എഴുതാൻ കഴിയും. (സംഖ്യാവ്യാഖ്യാനം)

# 3

# ആമിയുടെ പിറന്നാൾ





# ആമിയുടെ പിറന്നാൾ

## ആമുഖം

ഒന്നുമുതൽ പത്തുവരെയുള്ള സംഖ്യകളുമായി ബന്ധപ്പെട്ട ആശയങ്ങൾ കുട്ടികൾ ELPS രീതിയിൽ തന്നെ നേടിയിരിക്കുന്നു. ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കാനും, കൂട്ടങ്ങളെ താരതമ്യം ചെയ്ത് ചെറുത്/വലുത് കണ്ടെത്താനും ഒരു കൂട്ടത്തെ ചിത്രീകരിക്കാനും, ചിത്രീകരിച്ചതിനെ ഗണിത ഭാഷയിൽ പറയാനും, ചിഹ്നം ഉപയോഗിച്ചെഴുതാനുമുള്ള ശേഷികൾ കുട്ടികൾ നേടിയിട്ടുണ്ട്.

10 മുതൽ 20 വരെയുള്ള സംഖ്യകളെയാണ് ഈ യൂണിറ്റിൽ അവതരിപ്പിക്കുന്നത്. പത്തുകളുടെ കൂട്ടത്തോട് 1 മുതൽ 9 വരെയുള്ള കൂട്ടങ്ങൾ ചേർത്ത് 11 മുതൽ 19 വരെയുള്ള സംഖ്യകളെ സംബന്ധിച്ച ധാരണ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ELPS രീതിയിൽ തന്നെ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

താരതമ്യം ചെയ്യൽ, പരസ്പരബന്ധം കണ്ടെത്തൽ, ചെറുത്/വലുത് കണ്ടെത്തൽ, ക്രമീകരിക്കൽ, ചിത്രീകരിക്കൽ, ആസ്വദിക്കൽ, പൊരുത്തപ്പെടുത്തൽ എന്നീ ശേഷികൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഗണിതപാഠപുസ്തകത്തിലും 'ഗണിതമിഠായി' പ്രവർത്തന പുസ്തകത്തിലുമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കളികൾ, നിർമാണം, നിറം നൽകൽ, വരയ്ക്കൽ, ചിത്രങ്ങൾ ഒട്ടിക്കൽ, പാട്ടുപാടൽ, വരികൾ കൂട്ടിച്ചേർത്തുപാടൽ തുടങ്ങി വൈവിധ്യമാർന്നതും ആസ്വാദ്യകരവുമായ പ്രവർത്തനങ്ങളിലൂടെയാണ് 10 മുതൽ 20 വരെയുള്ള സംഖ്യാബോധം കുട്ടി നേടുന്നത്. കുട്ടികൾക്ക് സ്വയം/പരസ്പര വിലയിരുത്തലിലൂടെ മുന്നേറാനുള്ള അവസരവുമുണ്ട്. കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്ന പിറന്നാൾ ആഘോഷവുമായി ബന്ധപ്പെടുത്തിയാണ് യൂണിറ്റ് മുന്നേറുന്നത്. ഭിന്നശേഷിയുള്ള കുട്ടികളെക്കൂടി പരിഗണിച്ചിട്ടുണ്ട്.

## പഠനലക്ഷ്യങ്ങൾ

- നിത്യജീവിതവുമായി ബന്ധപ്പെട്ട് 1 മുതൽ 20 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- ഒരു കൂട്ടം വസ്തുക്കളിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ താരതമ്യം ചെയ്ത് ചെറുത്/വലുത് കണ്ടെത്തുന്നു. ക്രമീകരിക്കുന്നു.

## മേഖല

- സംഖ്യാബോധം (1 മുതൽ 20)

## സമയം

25 മണിക്കൂർ

| **ആശയങ്ങൾ/ ധാരണകൾ** | ശേഷികൾ/ നൈപുണികൾ | പ്രവർത്തന-പ്രക്രിയ വിശദാംശങ്ങൾ | പഠനോപകരണങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ/ പോർട്ട് പോളിയോ |
|---|---|---|---|---|---|
| ● കൂട്ടങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തി തുല്യം/കൂടുതൽ/ കുറവ് കണ്ടെത്താൻ കഴിയും. | ● പൊരുത്തപ്പെടുത്തൽ, കൂടുതൽ, കുറവ്, തുല്യമായത് കണ്ടെത്തൽ | ● ക്ലാസ് മുറി അലങ്കരിക്കൽ<br>● പിറന്നാൾ ആശംസകൾ | ● കളർ A4 പേപ്പർ, ചരട്, പശ<br>● പൂക്കളുടെ മുഖംമൂടി | ● നിരീക്ഷണ പാടവം<br>● പ്രശ്ന പരിഹരണ പാടവം | ● പൊരുത്തപ്പെടുത്തി 10 മുതലുള്ള സംഖ്യകൾ രൂപീകരിക്കൽ 10 മുതൽ 20 വരെയുള്ള സംഖ്യകൾ വായിക്കാൻ കഴിയുന്നു. |
| ● ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കാൻ കഴിയും | ● ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കൽ | ● പിറന്നാൾ ആശംസകൾ<br>● നിറം കൊടുക്കൂ<br>● എണ്ണി എഴുതുക<br>● എണ്ണി എഴുതാം ചേർത്ത് പാടാം | ● ആശംസാകാർഡുകൾ<br>● മുത്തുകൾ<br>● മഞ്ചാടികൾ<br>● കമ്പു കെട്ടുകൾ<br>● ഐസ്ക്രീം സ്റ്റിക്ക്<br>● പേപ്പർ ഗ്ലാസ് | ● സംഘബോധം<br>● സ്നേഹം | ● 10 മുതൽ 20 വരെയുള്ള എണ്ണം എണ്ണിയെടുക്കൽ, എഴുതൽ, വായിക്കൽ |
| ● രണ്ടുകൂട്ടങ്ങളെ താരതമ്യം ചെയ്ത് ചെറുത്/ വലുത് കണ്ടെത്താൻ കഴിയും | ● രണ്ട് കൂട്ടങ്ങളെ താരതമ്യം ചെയ്യൽ, പരസ്പര ബന്ധം കണ്ടെത്തൽ, ചെറുത്/വലുത് കണ്ടെത്തൽ | ● പിറന്നാൾ കേക്ക്<br>● വർക്ക് ഷീറ്റ് | ● സംഖ്യാ കാർഡുകൾ<br>● പേപ്പർ പ്ലെയ്റ്റുകൾ | ● വ്യക്തിചിന്ത | ● താരതമ്യം ചെയ്യൽ ചെറുത്/വലുത് സംഖ്യ കണ്ടെത്തൽ |
| ● 10-ഉം പത്തിനോട് ചേർത്തുള്ള ഒന്നുകളുടെ എണ്ണവും ചേർന്നത് 11 മുതൽ 19 വരെയുള്ള സംഖ്യകൾ എഴുതുന്നതും വായിക്കുന്നതും | ● പരസ്പരബന്ധം കണ്ടെത്തുന്നു. പത്തുകളുടെ കൂട്ടവും ഒന്നുകളുടെ കൂട്ടവും ചേർത്ത് 11 മുതൽ 19 വരെയുള്ള സംഖ്യ രൂപീകരിക്കൽ, വായിക്കുന്നു, എഴുതുന്നു, ചിത്രീകരിക്കുന്നു. | ● ക്ലാസ് മുറി അലങ്കരിക്കൽ<br>● ആശംസാകാർഡുകൾ<br>● അലങ്കരിക്കാം<br>● പിറന്നാൾ ആശംസകൾ | ● സൈക്കിൾ കമ്പി<br>● സൈക്കിൾ കമ്പിയിൽ കൊരുക്കുന്ന മുത്തുകൾ<br>● ബർത്ത് ഡേ കാന്റിൽസ് | ● സ്നേഹം<br>● കരുതൽ<br>● സാമൂഹ്യബോധം<br>● സംഘം ചേർന്ന് പ്രവർത്തിക്കാനുള്ള മനോഭാവം | ● 11 മുതൽ 20 വരെയുള്ള സംഖ്യകൾ രൂപീകരിക്കൽ, വായിക്കൽ, എഴുതൽ, (അക്കത്തിലും അക്ഷരത്തിലും) |

| | | | | | |
|---|---|---|---|---|---|
| | | • മെഴുകുതിരി കത്തിക്കാം<br>• പിറന്നാൾ കേക്ക്<br>• നൃത്തം<br>• കൂട്ടുകാർക്കുള്ള സമ്മാനം<br>• ചേർന്നുപാടാം ചേർത്തുപാടാം<br>• വർക്ക് ഷീറ്റ് | • പക്ഷികളുടെ കട്ടൗട്ടുകൾ (പനംതത്ത) | • മറ്റുള്ളവരെ സഹായിക്കൽ | • ചിത്രീകരിക്കൽ |
| • 2 പത്തുകൾ ചേർന്നാൽ 20 ആകുന്നു | • 10ന്റെ 2 കൂട്ടങ്ങൾ ചേർത്ത് സംഖ്യ രൂപീകരിക്കുന്നു | • ഐസ്ക്രീം | • ക്രയോൺസ്<br>• പൊട്ടുകൾ/സ്റ്റിക്കേഴ്സ് | • സ്നേഹം | • പത്തുകളുടെ രണ്ട് കൂട്ടങ്ങൾ ചേർത്ത് സംഖ്യ രൂപീകരിക്കാൻ കഴിയുന്നു. |
| • ഒരു കൂട്ടം സംഖ്യകളെ വലുപ്പമനുസരിച്ച് ക്രമീകരിക്കാൻ കഴിയും | • ഒരു കൂട്ടം സംഖ്യകളെ വലുപ്പമനുസരിച്ച് ക്രമീകരിക്കൽ | • ഒളിഞ്ഞിരിക്കുന്നതാര്?<br>• നിറം കൊടുക്കൂ<br>• വർക്ക് ഷീറ്റ് 3 | • ക്രയോൺസ് | | • സംഖ്യകളെ വലുപ്പമനുസരിച്ച് ക്രമീകരിക്കാൻ കഴിയുന്നു. |
| • ക്രമം സൂചിപ്പിക്കുന്നതിനും സംഖ്യകൾ ഉപയോഗിക്കുന്നു | • ക്രമം കണ്ടെത്തൽ ക്രമം സൂചിപ്പിക്കൽ സംഖ്യകൾ ഉപയോഗിക്കൽ | • ആശംസാകാർഡുകൾ<br>• പിറന്നാൾ മരം<br>• വർക്ക് ഷീറ്റ് | • ചാർട്ട് പേപ്പറിൽ പിറന്നാൾ മരം തയ്യാറാക്കിയത്<br>• ചാർട്ട് പേപ്പർ, പശ, സ്കെച്ച് പേന | • അംഗീകരിക്കൽ | • ക്രമം കണ്ടെത്തൽ<br>• ക്രമം സൂചിപ്പിക്കുന്നതിന് സംഖ്യകൾ ഉപയോഗിക്കാൻ കഴിയുന്നു. |

## പ്രവർത്തന വിശദാംശങ്ങൾ

നിങ്ങളെപ്പോലെ ഒന്നാം ക്ലാസിൽ പഠിക്കുന്ന ഒരു കൂട്ടുകാരിയെ പരിചയപ്പെടുത്താം?

- അവളുടെ പേരെന്തായിരിക്കും? നിങ്ങൾ പറയൂ.



കുട്ടികൾ ഓരോരുത്തരും അവർക്കിഷ്ടമുള്ള പേര് പറയട്ടെ.

'ആമി' എന്നാണ് അവളുടെ പേര്

- അവൾക്ക് ഇന്ന് ഒരു വിശേഷ ദിവസമാണ്. എന്തായിരിക്കുമത്?

നിങ്ങൾക്കാർക്കെങ്കിലും ഇന്നത്തെ ദിവസം വല്ല വിശേഷങ്ങളുമുണ്ടോ? എന്താണെന്ന് കൂടി പറയൂ.

കുട്ടികൾ ഓരോരുത്തരും പറയട്ടെ.

ബർത്ത് ഡേ/പിറന്നാൾ/ജന്മദിനം/കല്യാണം/ടൂർ എന്നൊക്കെ...

കുട്ടികൾ പറഞ്ഞേക്കാം.

- നിങ്ങളുടെ പിറന്നാൾ എന്നാണ്? കുട്ടികൾ പറയട്ടെ.

## വർക്ക്ഷീറ്റ് 14

## ആമിയുടെ പിറന്നാൾ

കുട്ടികൾ അവരവരുടെ പിറന്നാൾ ദിവസം പറയുന്നു.

എത്ര വയസ്സ്?

വയസ്സിന് തുല്യമായ മെഴുകുതിരികൾ ഉള്ള കേക്കുകൾ കണ്ടെത്തുന്നു.

അവയ്ക്ക് ഓറഞ്ചുനിറം നൽകി തിരി കത്തിക്കുന്നു.

ആമിയുടെ പിറന്നാൾ ആഗസ്റ്റ് 10-നാണ്.

- പിറന്നാളിന് എന്തൊക്കെ ഒരുക്കങ്ങളാണ് നിങ്ങൾ നടത്തുക?
- എവിടെ നിന്നാണ് നിങ്ങൾ ആഘോഷിക്കുന്നത്?
- വീട്ടിൽ നിന്നാണോ? സ്കൂളിൽ നിന്നാണോ? മറ്റെവിടെയെങ്കിലും വച്ചാണോ?

ആമിയുടെ പിറന്നാൾ സ്കൂളിൽ വച്ചാണ് ആഘോഷിക്കുന്നത്.

## ക്ലാസ് മുറി അലങ്കരിക്കാം

കൂട്ടുകാരെല്ലാം ക്ലാസ് മുറി അലങ്കരിക്കുകയാണ്.

- എന്തൊക്കെ സാധനങ്ങൾ കൊണ്ടാണ് അലങ്കരിക്കുന്നത്?

കുട്ടികളുടെ സ്വതന്ത്ര പ്രതികരണം.

- ചിത്രം നോക്കൂ. 9 പേരുണ്ട്. ആമി കൂടിവന്നപ്പോൾ എത്ര പേരായി?
- 'ഹായ് ആമീ' എന്നു പറഞ്ഞതാരാണ്?

അതാണ് മിഴി. ടീച്ചർ പരിചയപ്പെടുത്തുന്നു.

- ആമി പേരു വിളിച്ച കുട്ടിയെ ചിത്രത്തിൽ തൊട്ടുകാണിക്കാമോ?
- എത്ര പേരാണ് ക്ലാസ് മുറിയിൽ ഇപ്പോഴുള്ളത്?
- കുട്ടികൾ എന്തു ചെയ്യുകയാണ്?
- ക്ലാസ് മുറി അലങ്കരിക്കുന്നു അല്ലേ?
- ആമിയുടെ മറ്റു കൂട്ടുകാർ ആരൊക്കെയായിരിക്കും? പേര് പറയാമോ?

ആമി കൂടി എത്തിയപ്പോൾ പത്ത് പേരായി.

9-ഉം 1-ഉം പത്ത്. പത്ത് എന്നത് എങ്ങനെ എഴുതും. 10

10 വസ്തുക്കൾ കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ.

- വ്യത്യസ്ത നിറം മുത്തുകൾ ഓരോന്നും 10 എണ്ണം വീതം എടുത്ത് ഇടകലർത്തി തറയിൽ/വലിയ പരന്ന പാത്രത്തിൽ വിതറിയിടുന്നു. കുട്ടികൾ ഒരേ നിറമുള്ള 10 മുത്തുകൾ എണ്ണിയെടുത്ത് അവർക്ക് കിട്ടിയ പേപ്പർ ഗ്ലാസിൽ ഇടണം. ഗ്ലാസിൽ സ്കെച്ച്/മാർക്കർ കൊണ്ട് 10 എന്നെഴുതുകയും വേണം.

  ചെയ്തുകഴിഞ്ഞവരെ അഭിനന്ദിക്കുന്നു.

സ്റ്റാർ സ്റ്റിക്കർ ഗ്ലാസിൽ ഒട്ടിച്ചുകൊടുക്കണം.

ഒരു കുട്ടിയുടെ ഇടതു കൈപ്പത്തി A4 കളർ പേപ്പറിൽ വിടർത്തി വയ്ക്കുന്നു. മറ്റൊരു കുട്ടി വരയ്ക്കുന്നു. വലതു കൈപ്പത്തി വച്ചും വരയ്ക്കുന്നു. തുടർന്ന് വരച്ച കുട്ടി പേപ്പറിൽ കൈപ്പത്തി വയ്ക്കട്ടെ മറ്റേ കുട്ടി വരയ്ക്കട്ടെ. ആ ചിത്രങ്ങൾ വെട്ടിയെടുത്ത് അടുത്തടുത്തായി നോട്ടുബുക്കിൽ ഒട്ടിയ്ക്കണം. ചുവടെ 10 എന്നെഴുതുന്നു.

## പൂക്കൾ വരയ്ക്കാം

കുട്ടികൾക്ക് പൂക്കൾ വരയ്ക്കുന്ന വിധം ടീച്ചർ പരിചയപ്പെടുത്തുന്നു.

- കുട്ടികൾ നോട്ടുബുക്കിൽ 10 പൂക്കൾ വരയ്ക്കുന്നു. അവർക്കിഷ്ടമുള്ള നിറം നൽകുന്നു.

10 എന്നെഴുതുന്നു.


## രംഗോമെടി

- രംഗോമെടി കിറ്റ് ഉപയോഗിച്ച് കുട്ടികൾ അവർക്കിഷ്ടമുള്ള രൂപങ്ങൾ ഉണ്ടാക്കട്ടെ. പക്ഷേ ഒരു നിബന്ധനവയ്ക്കണം. ആകെ പത്ത് കഷണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.

### രേഷ്മ ടീച്ചർ ചെയ്തത്

ഞാൻ കുട്ടിയുടെ പേപ്പറിന് ഇതുപോലെ 10 എന്നെഴുതി ബോർഡർ ഉണ്ടാക്കാൻ പറഞ്ഞു. കളം വരച്ചു നൽകിയത് അമ്മമാരാണ്. കുട്ടികൾ എത്ര നന്നായി ചെയ്തെന്നോ. കുട്ടികൾ അതിനുള്ളിൽ എഴുതി. നിങ്ങളുടെ ക്ലാസിൽ ഇതിനെ എങ്ങനെ ചെയ്യും? ഇവിടെ കുറിക്കൂ.






### കാവ്യ ടീച്ചർ ചെയ്തത്

പത്തിതൾ പൂവ് വരച്ച് നിറം നൽകി 10 എന്നെഴുതാനുള്ള പ്രവർത്തനം നൽകി. കുട്ടികളെല്ലാവരും നന്നായി ചെയ്തു.



- ബലൂൺ കെട്ടാൻ ഞാനും കൂടാം എന്നു പറഞ്ഞതാരാണ്?

  അഹാൻ

  പിറന്നാളിന് അഹാൻ കൂടിവന്നു.

- ഇപ്പോൾ എത്ര പേരായി?

  10-ഉം 1-ഉം പതിനൊന്ന് പേരായി.

  11 എന്നത് ഇങ്ങനെ എഴുതാം.

- ഇനി 11 കൊണ്ടൊരു ചിത്രമായാലോ?

- കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് വരയ്ക്കട്ടെ.

  ടീച്ചറും ഒരു ചിത്രം വരയ്ക്കുന്നു.

  എല്ലാവരും വരച്ചശേഷം പ്രദർശിപ്പിക്കുന്നു.

  സ്റ്റാർ നൽകിയോ മറ്റോ അഭിനന്ദിക്കുന്നു.

  ഒപ്പം ടീച്ചർ വരച്ചതും പ്രദർശിപ്പിക്കുന്നു.

## ആശംസാ കാർഡുകൾ

- പിറന്നാളിന് ആശംസാ കാർഡുകൾ നൽകാറുണ്ടോ?

  ആമിക്ക് ആശംസാകാർഡുകളുമായി കൂട്ടുകാരെത്തി.

- കാർഡ് കൈമാറാനായി അവർ വരി വരിയായി നിന്നു.

  വരിയിൽ എത്ര പേരുണ്ട്?

- എണ്ണി നോക്കൂ.

  കളത്തിൽ എഴുതൂ.

  ചിത്രത്തിൽ മിഴിയെ തൊട്ടു കാണിക്കൂ.

### ആശംസാകാർഡ് നിർമാണം

ഒരു ചാർട്ട് പേപ്പർ 16 ഭാഗങ്ങളായി മുറിക്കുക. ഓരോ കഷണത്തെയും രണ്ടായി മടക്കുക. കവർ പേജിൽ ചിത്രം വരയ്ക്കുകയോ മുറിച്ച് ഒട്ടിക്കുകയോ ചെയ്ത് ഭംഗിയാക്കാം. വെണ്ടയ്ക്ക മുറിച്ച് ചായത്തിൽ മുക്കി ബോർഡർ ഒരുക്കാം. ഉള്ളിൽ പിറന്നാൾ ആശംസകൾ എന്ന് എഴുതുകയും ചെയ്യാം.

- മുന്നിൽ നിന്ന് എത്രാമതായാണ് മിഴി നിൽക്കുന്നത്?

- പിന്നിൽ നിന്ന് നാലാമതായി നിൽക്കുന്ന അഹാനെ കണ്ടെത്തി അടയാളപ്പെടുത്തുക.

  കുട്ടികൾ ചെയ്യട്ടെ.

- ഞാൻ നടുക്കാണ് എന്നു പറഞ്ഞതാരാണ്? നേഹ

  മുന്നിൽ നിന്നും പിന്നിൽ നിന്നും ആറാമതായി നിൽക്കുന്ന കുട്ടിയാണ് നേഹ.
- നേഹയുടെ കൈയിൽ ഒരു ബലൂൺ വരയ്ക്കൂ.

ഒന്നാം ക്ലാസിലെ കുട്ടികളുടെ പിറന്നാൾ ക്ലാസ് മുറിയിൽ വച്ച് തന്നെ നമുക്കാഘോഷിക്കാമല്ലോ. കൃത്യമായ ആസൂത്രണം നടത്തി ഓരോ കുട്ടിയുടെയും പിറന്നാൾ ആഘോഷിക്കണം. അതിനായി ആശംസാകാർഡുകൾ തയ്യാറാക്കൽ ക്ലാസ് മുറി അലങ്കരിക്കൽ, കേക്ക് മുറിക്കൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ രക്ഷിതാക്കളുടെ കൂടി പങ്കാളിത്തം നമുക്ക് ഉറപ്പിക്കാമല്ലോ. ഭാഷ, പ്രവൃത്തി പരിചയം, കലാവിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനങ്ങൾ ഈ ആഘോഷത്തിന്റെ ഭാഗമായി നൽകുകയും ചെയ്യാമല്ലോ?

## അനുഭവം ഒരുക്കൽ

കുട്ടികളെ ക്ലാസിൽ വരിയായി നിർത്തുന്നു. ഒരു കുട്ടിയെ വിളിച്ച് ഒരു ചെറിയ സ്മൈലി പന്തുനൽകി അത് മുന്നിൽ നിന്ന് അഞ്ചാമത്തെ കുട്ടിക്ക് കൊടുക്കാൻ പറയുക. ശരിയായി കൊടുത്താൽ പന്തുകിട്ടിയ കുട്ടി മുന്നിലേക്കുവരിക. ആ സ്ഥാനത്ത് മറ്റേ കുട്ടി നിൽക്കട്ടെ. ടീച്ചർ കുട്ടിയോട് പന്ത് പിന്നിൽ നിന്ന് മൂന്നാമതായി നിൽക്കുന്ന കുട്ടിക്ക് കൈമാറാൻ പറയുന്നു. ഇപ്രകാരം എല്ലാ കുട്ടികൾക്കും അനുഭവം കിട്ടത്തക്കവിധം ഈ പ്രവർത്തനം ഞാൻ എന്റെ ക്ലാസിൽ ചെയ്തു. മുന്നിൽ, പിന്നിൽ സ്ഥാനം തിരിച്ചറിയാൻ ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് സാധിച്ചു. ഈ പ്രവർത്തനം ഒരു കുട്ടിയെ കണ്ണുകെട്ടി എങ്ങനെ നിങ്ങളുടെ ക്ലാസിൽ അവതരിപ്പിക്കും. ഒന്നാലോചിക്കൂ. ഇവിടെ കുറിക്കൂ...

## അലങ്കരിക്കാം

- ആമിയും മിഴിയും എന്താണ് പറയുന്നത്?
- ആമി തോരണത്തിന് വേണ്ടി മുറിച്ചത് കണ്ടില്ലേ?

- മേശപ്പുറത്ത് അത്തരം എത്ര കഷണം മുറിച്ചു വെച്ചിട്ടുണ്ട്?

  കുട്ടികൾ എണ്ണി നോക്കി പറയട്ടെ.

- ഇനി 2 എണ്ണം കൂടി മുറിച്ചെടുത്താൽ എത്രയാകും?

  10-ഉം 2-ഉം പന്ത്രണ്ട് 12

  ടീച്ചർ പറഞ്ഞുകൊണ്ട് അക്ഷരത്തിലും അക്കത്തിലും ബോർഡിൽ എഴുതുന്നു.

  ടെക്സ്റ്റ് ബുക്കിൽ കുട്ടികളും എഴുതുന്നു.

- 12 നെക്കൊണ്ട് ഒരു ചിത്രം ആയാലോ?

  കുട്ടികൾ സ്വതന്ത്രമായി ചെയ്യുന്നു.

  എല്ലാവരുടേതും നിരീക്ഷിക്കുന്നു.

  കൈയ്യടിച്ച് അഭിനന്ദിക്കുന്നു.

### പിറന്നാൾ ആശംസകൾ




13 എന്ന സംഖ്യ അവതരിപ്പിക്കാനുള്ള ഈ പ്രവർത്തനത്തിനായി സതീഷ് മാഷ് ചെയ്ത മുന്നൊരുക്കം നോക്കൂ.

ആദ്യം കട്ടിക്കടലാസ്/കാർഡ് ബോർഡിൽ അമ്മമാരുടെ സഹായത്തോടെ പൂമ്പാറ്റകൾ ഉണ്ടാക്കി. അവ കെട്ടുന്നതിനായി ഒരു ചരടും അതിൽ പിടിപ്പിച്ചു. ആ ചരടിൽ "HAPPY BIRTHDAY"യിലെ ഒരക്ഷരം H എഴുതിയ കാർഡും ഒട്ടിച്ചു. കാർഡിനു പിന്നിൽ സംഖ്യയും എഴുതിയിരുന്നു. ഇങ്ങനെ 13 പൂമ്പാറ്റയെയും അക്ഷരക്കാർഡുകളും തയ്യാറാക്കിവെച്ചു. കുട്ടികൾ ആദ്യത്തെ 10 കാർഡുകൾ ഓരോരുത്തരായി എടുക്കുന്നു. സംഖ്യകളും അക്ഷരങ്ങളും നോക്കി ക്രമമായി നിൽക്കുന്നു. HAPPY BIRTH വരെയായി ഇപ്പോൾ എത്ര പൂമ്പാറ്റകളായി? എത്ര അക്ഷരങ്ങൾ ആയി? ഇനി എത്ര അക്ഷരങ്ങൾ കൂടി വേണം?

3 അക്ഷരം കൂടി ചേർന്നുനിൽക്കട്ടെ. അപ്പോൾ 10ഉം 3ഉം 13 പൂമ്പാറ്റകളായി. **HAPPY BIRTHDAY** ആയല്ലോ. HAPPY BIRTHDAY എന്നു വായിക്കും. എല്ലാവരും ഒന്നു പറഞ്ഞേ. കുട്ടികൾ ഏറ്റുപറഞ്ഞു.

- പാഠപുസ്തകത്തിലെ പ്രവർത്തനം പൂർത്തിയാക്കുന്നു. (മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും നോട്ടുബുക്കിൽ ചിത്രീകരിക്കുകയും വേണം.

## മെഴുകുതിരി കത്തിക്കാം

- പിറന്നാളിന് മെഴുകുതിരി കത്തിക്കാറുണ്ടല്ലോ?

  ആമിയുടെ പിറന്നാളിന് കൊണ്ടുവന്ന മെഴുകുതിരികളുടെ ചിത്രം നോക്കൂ.

  മെഴുകുതിരി ക്ലാസിൽ കൊണ്ടുവന്നുതന്നെ ഈ പ്രവർത്തനം ചെയ്യാമല്ലോ?
- ഒരു പെട്ടിയിൽ എത്ര മെഴുകുതിരി ഉണ്ട്?
- ആകെ എത്ര മെഴുകുതിരി?

  10-ഉം 4-ഉം പതിനാല്. 14 എന്ന് എങ്ങനെ എഴുതാം. ടീച്ചർ ബോർഡിൽ എഴുതുന്നു.
- കുട്ടികൾ ടെക്സ്റ്റ് ബുക്കിലെ കളത്തിൽ 14 എന്ന് പറഞ്ഞുകൊണ്ട് എഴുതട്ടെ.

  14 കൊണ്ടും ഒരു ചിത്രമാകാമല്ലോ?

  എന്താകാം ചിത്രം? നിങ്ങൾ പറയൂ.
- കൊണ്ടുവന്ന മെഴുകുതിരി എല്ലാം ഉപയോഗിച്ചു കാണുമോ? എന്തുകൊണ്ട്?

  കുട്ടികൾ പറയട്ടെ.

## പിറന്നാൾ കേക്ക്

- നിങ്ങളുടെ പിറന്നാളിന് കേക്ക് മുറിക്കാറില്ലേ?
- എങ്ങനെയുള്ള കേക്കാണ് മുറിക്കുക? ആരാണ് മുറിക്കുക? ആദ്യം ആർക്ക് കൊടുക്കും?
- ആമിയുടെ പിറന്നാളിന് കേക്ക് മുറിക്കാനായി മേശയ്ക്കു ചുറ്റും എത്ര പേരാണ് കൂടിയിരിക്കുന്നത്? എണ്ണി നോക്കൂ. ടീച്ചറേയും കൂട്ടണേ?
- കേക്ക് എത്ര ചെറിയ കഷണങ്ങളാക്കിയാണ് മുറിച്ചുവച്ചിരിക്കുന്നത്?

  കുട്ടികൾ എണ്ണി പറയട്ടെ.

ടെക്സ്റ്റ് ബുക്കിലെ കളത്തിൽ 10 എന്നെഴുതട്ടെ.

- അവിടെയുള്ളവർക്കെല്ലാം കൊടുക്കാൻ ചെറിയ കഷണങ്ങൾ തികയുമോ?
- ഇനി എത്ര കഷണം കൂടി മുറിക്കണം?

5 കഷണം എന്നു കുട്ടികൾ പറയുന്നു.



10 കഷണം ഉണ്ട്. ഇനി 5 കഷണം കൂടി വേണം.

10-ഉം 5-ഉം പതിനഞ്ച് 15

ടീച്ചർ പറഞ്ഞുകൊണ്ട് ബോർഡിൽ എഴുതുന്നു.

കുട്ടികൾ ടെക്സ്റ്റ് ബുക്കിൽ രേഖപ്പെടുത്തുന്നു.

വസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ പ്രവർത്തനങ്ങൾ നൽകണം. ELPS സാധ്യത പ്രയോഗിക്കണം.



## നൃത്തം

ആമിയുടെ പിറന്നാളിന് കലാപരിപാടികളും ഉണ്ടായിരുന്നു. പൂക്കളുടെ മുഖം മൂടി അണിഞ്ഞാണ് പരിപാടി. അതിന് തയ്യാറായി വന്ന കുട്ടികളെ നോക്കൂ.

- എത്ര മുഖംമൂടികൾ ആണുള്ളത്?
- കുട്ടികൾ എണ്ണി നോക്കി ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു. പറയുന്നു.
- ചിത്രത്തിൽ കാണുന്ന എല്ലാവർക്കും ഇടാൻ മുഖംമൂടി ഉണ്ടോ?
- എത്ര മുഖംമൂടികൾ കൂടി വേണം?



ഏതാനും കുട്ടികൾക്ക് പറയാൻ അവസരം നൽണം

എങ്ങനെയാണ് കണക്കാക്കിയത് എന്നുകൂടി പറയൂ.

കുട്ടികളുടെ പ്രതികരണം ഇങ്ങനെയൊക്കെ ആകാം.

പൂക്കൾ എണ്ണി നോക്കിയപ്പോൾ പത്തെണ്ണമുണ്ട്. കുട്ടികളുടെ എണ്ണം 16 ആണുള്ളത്. അപ്പോൾ 6 പൂക്കൾ കൂടി വേണം. 10-ഉം 6-ഉം 16 ആണല്ലോ. 6 പൂക്കൾ കൂടി വേണം.

10-ഉം 6-ഉം പതിനാറ് 16 എന്നുപറഞ്ഞുകൊണ്ട് കുട്ടി ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

ടീച്ചർ ബോർഡിൽ എഴുതുന്നു.

✎ 16 ന്റെ ചിത്രം വരയ്ക്കാൻ മറക്കല്ലേ.

നേരനുഭവം (experience) കൊടുക്കുമല്ലോ?

ELPS സാധ്യത പ്രയോജനപ്പെടുത്തണേ.

## കൂട്ടുകാർക്കുള്ള സമ്മാനം

✎ പേപ്പർ മടക്കി പൂക്കൾ ഉണ്ടാക്കാനുള്ള പ്രവർത്തനം ആദ്യം നൽകണം. A4 കളർ പേപ്പർ ഉപയോഗിച്ചാൽ മതി. തണ്ടുണ്ടാക്കാൻ ഈർക്കിൽ/പേപ്പർ റോൾ ചെയ്ത് ഒട്ടിച്ച് ഉപയോഗിക്കാം.

- എത്ര പൂക്കൾ ഉണ്ടാക്കി?
- 10 പേർ വീതമുള്ള കൂട്ടങ്ങളായി നിന്ന് എണ്ണി നോക്കിയാൽ മതിയല്ലോ?
- 10 ന്റെ എത്ര കൂട്ടങ്ങൾ?

10-ഉം 7-ഉം ഉണ്ടെങ്കിൽ

10-ഉം 7-ഉം പതിനഞ്ച് 17 എന്നിങ്ങനെ എണ്ണിയാൽ മതി.

ആമി കൂട്ടുകാർക്കും ഇതുപോലെ പൂക്കൾ ഉണ്ടാക്കി കൊടുത്തു.

ആ ചിത്രം നോക്കൂ.

- ആദ്യ കൂട്ടത്തിൽ എത്ര പൂക്കൾ ഉണ്ട്? പത്ത് 10
- രണ്ടാമത്തെ കൂട്ടത്തിലോ? ഏഴ് 7

കുട്ടികൾ എണ്ണി പറയട്ടെ.

ആകെ എത്ര പൂക്കളുണ്ട്?

10-ഉം 7-ഉം പതിനേഴ് 17 എന്ന് പറഞ്ഞ് ബോർഡിൽ എഴുതുന്നു.

കുട്ടികൾ ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

ടെക്സ്റ്റ് ബുക്ക് പേജ് 54 ലെ ആദ്യ ചിത്രം കുട്ടികൾ നിരീക്ഷിക്കട്ടെ.

- എന്തിന്റെ ചിത്രമാണിത്?

  കുട്ടികൾ പറയുന്നു.

- എത്ര കൂട്ടങ്ങളാണുള്ളത്?

- ഓരോ കൂട്ടത്തിലും എത്രയെണ്ണം വീതമുണ്ട്?

  കുട്ടികൾ എണ്ണി പറയുന്നു.

- രണ്ടു കൂട്ടവും കൂടി എത്രയെണ്ണമുണ്ട്?

10-ഉം 8-ഉം പതിനെട്ട് 18

ടീച്ചറും ഇപ്രകാരം പറഞ്ഞുകൊണ്ട് ബോർഡിൽ എഴുതുന്നു.

കുട്ടികൾ ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

കാറ്റാടി ചിത്രത്തെക്കുറിച്ച് ടീച്ചർ ചോദിക്കുന്നു.

- നിങ്ങൾ ഇതുപോലെ കാറ്റാടി ഉണ്ടാക്കി കളിച്ചിട്ടുണ്ടോ? കുട്ടികൾ പറയട്ടെ.
- ഓരോ കൂട്ടത്തിലും എത്ര കാറ്റാടികൾ വീതമുണ്ട്?

ആദ്യത്തേതിൽ 10 രണ്ടാമത്തേതിൽ 9

- ആകെ എത്ര കാറ്റാടികൾ ആയി?

10-ഉം 9-ഉം പത്തൊമ്പത് 19

കുട്ടികൾ പറഞ്ഞശേഷം ടീച്ചറും പറഞ്ഞുകൊണ്ട് ബോർഡിൽ എഴുതുന്നു.

കുട്ടികൾ ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് ELPS രീതിയിൽ ഓരോ സംഖ്യയും ക്രമീകരിക്കാൻ അവസരം നൽകണം.

## ഐസ്ക്രീം

ആമി കൂട്ടുകാർക്കെല്ലാം കടലാസ് പൂക്കൾ കൊടുത്തു. അപ്പോഴേക്കും ആമിയുടെ അമ്മ സ്കൂളിലെത്തി. ആമിയുടെ അമ്മ ഒരു പെട്ടിയുമായാണ് വന്നത്? എന്തായിരിക്കും പെട്ടിയിൽ ഉണ്ടായിരുന്നത്?

നിങ്ങൾക്ക് ഏറെ ഇഷ്ടമുള്ള ഒരു സാധനമാണ്.

- എന്തായിരിക്കുമത്?

കുട്ടികൾ ഊഹിച്ചു പറയട്ടെ.

ഐസ്ക്രീം എന്നും കുട്ടികൾ പറഞ്ഞേക്കാം.

ഐസ്ക്രീമുമായാണ് ആമിയുടെ അമ്മ വന്നത്.

ഐസ്ക്രീം എല്ലാവർക്കും ഇഷ്ടമാണോ? നിങ്ങൾ കഴിച്ചിട്ടുണ്ടോ?

➲ ഒരു പെട്ടിയിൽ എത്ര ഐസ്ക്രീം ഉണ്ടാകും?

കുട്ടികൾ പറയട്ടെ.

➲ ഇവിടെ ആദ്യ പെട്ടിയിൽ എത്ര ഐസ്ക്രീം ഉണ്ട്?

രണ്ടാമത്തെ പെട്ടിയിലോ?

പത്തെണ്ണം.

ആകെ എത്ര കപ്പ് ഐസ്ക്രീം ആയി?

10ഉം 10ഉം ഇരുപത് 20

എന്നു പറഞ്ഞുകൊണ്ട് ടീച്ചർ ബോർഡിൽ എഴുതുന്നു.

കുട്ടികൾ ടെക്സ്റ്റ് ബുക്കിൽ എഴുതട്ടെ.

✎ നമ്മുടെ ക്ലാസ്സിലെ എല്ലാവർക്കും കൊടുക്കാൻ എത്ര പെട്ടി വേണ്ടിവരും? ടീച്ചറെ കൂടി ചേർത്താലോ?

10-ഉം 8-ഉം പതിനെട്ട് 18 എന്നോ/2 പെട്ടി എന്നോ

10-ഉം 10-ഉം 9-ഉം ഇരുപത്തൊമ്പത് 29 എന്നോ/3 പെട്ടി

എന്നോ കട്ടികൾ പറയട്ടെ.

## ചേർന്നു പാടാം... ചേർത്തു പാടാം...

ടെക്സ്റ്റ് ബുക്ക് പേജ് 56 ലെ പാട്ട് ടീച്ചർ പാടികൊടുക്കുന്നു. ക്യൂആർ (QR) കോഡ് സ്കാൻ ചെയ്ത് കേൾപ്പിക്കുകയും ആകാം. (അത്തിമരക്കൊമ്പിലതാ പത്തുപനന്തത്തകൾ)

കുട്ടികൾ ഏറ്റുപാടുന്നു.

✎ എണ്ണം ഓരോന്ന് വീതം കൂട്ടിക്കൂട്ടി 20 വരെ കുട്ടികൾ ചേർത്തു പാടട്ടെ.

മരത്തിന്റെ കട്ടൗട്ട്/ചാർട്ടിൽ വലിയ മരം വരച്ച് വയ്ക്കണം. പാട്ട് പാടുന്നതിനുസരിച്ച് പനന്തത്തകളുടെ കട്ടൗട്ട് മരത്തിൽ ഒട്ടിക്കണം.

പനന്തത്തകളുടെ പാവ/മുഖംമൂടിവച്ച് എണ്ണം ഓരോന്ന് കൂട്ടി കൂട്ടി വരുന്നത് നന്നായിരിക്കും.

✍ തുടർന്ന് ടെക്സ്റ്റ് ബുക്ക് പേജ് 57 ലെ വിട്ടുപോയ വട്ടങ്ങളിൽ സംഖ്യകൾ എഴുതട്ടെ.

## വർക്ക് ഷീറ്റ് 15

### പിറന്നാൾ മരം

ഗണിതമിഠായിലെ പേജ് 26 ലെ പിറന്നാൾ മരം കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. പുസ്തകത്തിലെ കാര്യങ്ങൾ ടീച്ചർ വായിച്ചവതരിപ്പിക്കുന്നു. നിർദേശം വ്യക്തമായി പറയുന്നു.

കുട്ടികൾ അതുപ്രകാരം പിറന്നാൾ മരംനോക്കി അതേ തീയതികൾക്ക് കലണ്ടറിൽ നിറം നൽകട്ടെ. തുടർന്ന് പരസ്പരം വിലയിരുത്തലിന് അവസരം നൽകണം.

ടീച്ചറും ☑ വിലയിരുത്തണം.

1 മുതൽ 20 വരെയുള്ള സംഖ്യകളിൽ നിശ്ചിത സംഖ്യകൾ ഏതെന്ന് കണ്ടെത്താനുള്ള കഴിവ് ടീച്ചർ ☑ വിലയിരുത്തുന്നു.

കുട്ടികളെ സ്റ്റാർ നൽകിയോ മറ്റോ അഭിനന്ദിക്കുന്നു. ടെക്സ്റ്റ് ബുക്കിൽ 'എന്റെ കുട്ടികൾ' രേഖയിൽ ഓരോരുത്തരെക്കുറിച്ചും എഴുതാനും തുടങ്ങാം.

## വർക്ക് ഷീറ്റ് 16

### എണ്ണി എഴുതുക

വർക്ക് ബുക്കിലെ പേജ് 27 ലെ പ്രവർത്തനം ചെയ്യുന്നതിനാവശ്യമായ നിർദേശങ്ങൾ ടീച്ചർ ക്ലാസിൽ പൊതുവായി പറയുന്നു. പ്രത്യേക പിന്തുണ വേണ്ടവരെ അതുപ്രകാരം വസ്തുക്കൾ വച്ചോ മറ്റോ സഹായിക്കുന്നു.

## വർക്ക് ഷീറ്റ് 16

### എണ്ണി എഴുതാം. ചേർത്തു പറയാം

വർക്ക് ബുക്ക് പേജ് 27 ലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. ഗ്രൂപ്പിൽ പരസ്പരം വിലയിരുത്തുന്നു. ഒപ്പം ടീച്ചറും വിലയിരുത്തുന്നു. രേഖപ്പെടുത്തുന്നു.

### ഒളിഞ്ഞിരിക്കുന്നതാര്?

ടെക്സ്റ്റ് ബുക്ക് പേജ് 55 ലെ പ്രവർത്തനം ടീച്ചർ നിർദേശം നൽകുന്നു. എന്തായിരിക്കാം ആമിക്ക് കിട്ടിയ സമ്മാനം? 1 മുതൽ 20 വരെ സംഖ്യകൾ ക്രമമായി പറഞ്ഞു

കൊണ്ട് കുട്ടികൾ കുത്തുകൾ ഓരോന്നായി യോജിപ്പിക്കട്ടെ. ശേഷം രൂപത്തിന് നിറം നൽകുന്നു. സമ്മാനമെന്തെന്ന് പറയുന്നു.

## കളിക്കാം

ടെക്സ്റ്റ് ബുക്ക് പേജ് 55 ലേതുപോലെ 16 കളം ബോർഡ് 3/4 പേർക്ക് ഒന്നുവീതം തയ്യാറാക്കുക. അതോടൊപ്പം 1 മുതൽ 4 വരെയുള്ള സംഖ്യാ കാർഡുകൾ 4 സെറ്റ് വീതം ഗ്രൂപ്പിന്റെ എണ്ണമനുസരിച്ചും മുൻകൂട്ടി തയ്യാറാക്കിയും ഈ പ്രവർത്തനം നൽകാം. ശരിയായവിധം കളങ്ങൾ പൂർത്തിയാക്കിയവരെ സ്റ്റാർ സ്റ്റിക്കർ നൽകി അഭിനന്ദിക്കുമല്ലോ?

ഗണിതാസ്വാദനത്തിനുകൂടിയുള്ള ഒരു പ്രവർത്തനമാണിത്.

## വർക്ക് ഷീറ്റ് 17

ഗണിതമിഠായി പേജ് 28 ലെ പ്രവർത്തനം ചെയ്യുന്നു. 1 മുതൽ 20 വരെയുള്ള സംഖ്യകളിൽ ചില സംഖ്യകൾക്ക് പകരം അവിടെ ചിത്രങ്ങളാണുള്ളത്. ആ ചിത്രം മറച്ചിരിക്കുന്ന സംഖ്യ ഏതെന്ന് ചുവടെയുള്ള കളത്തിൽ നിന്ന് കണ്ടെത്തണം. അതിന് വട്ടം വരയ്ക്കണം.

പ്രയാസം നേരിടുന്ന കുട്ടികളെ 1 മുതൽ 20 വരെയുള്ള സംഖ്യകൾ ക്രമമായി എണ്ണാൻ പറഞ്ഞ് സഹായിക്കാം. 1 മുതൽ 20 വരെ എഴുതിയ സംഖ്യാബോർഡ്/2 ടെൻഫ്രെയിമിലായി 1 മുതൽ 20 വരെയുള്ള സംഖ്യാകാർഡുകൾ വച്ചോ സഹായിക്കേണ്ടതാണ്.

## വർക്ക്ഷീറ്റ് 18
## വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കൂ.

വർക്ക് ഷീറ്റിൽ മുത്തുകൾ വരച്ചും സംഖ്യകൾ എഴുതിയും കുട്ടികൾ പൂർത്തിയാക്കട്ടെ. ചാർട്ടിൽ വരച്ച് മുത്തുകൾ/പൊട്ടുകൾ/സ്റ്റാർ സ്റ്റിക്കർ ഒട്ടിച്ചും പ്രയാസമുള്ളവരെ സഹായിക്കാം. ടീച്ചർ നിർദേശങ്ങൾ നൽകിയ ശേഷം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. സ്വയം/പരസ്പര വിലയിരുത്തലിന് അവസരം നൽകുന്നു. ടീച്ചറും വിലയിരുത്തുന്നു. ടീച്ചിംഗ് മാനുവലിൽ രേഖപ്പെടുത്തുന്നു. ആദ്യവട്ടത്തിലെ 10 നോട് പുറത്തെ മുത്തുകളുടെ എണ്ണവും ചേർത്താണ് സംഖ്യ പറയേണ്ടത്.
ഉദാ: 10-ഉം 3-ഉം 13

## മാതൃകപോലെ എഴുതുക

ഇതും 10 കളുടെ കൂട്ടത്തോട് 1 മുതൽ 9 വരെയുള്ള കൂട്ടങ്ങൾ ചേർത്ത് എഴുതി സംഖ്യ രൂപീകരിക്കാനുള്ള പ്രവർത്തനമാണ്. ടീച്ചർ സംഖ്യ രൂപീകരിക്കൽശേഷി വിലയിരു

ത്തണം. ചാർട്ടിൽ ഇതുപോലെ വരച്ച് ഗ്രൂപ്പ് മത്സരമായി ഈ പ്രവർത്തനം ചെയ്യാമല്ലോ?

എങ്ങനെ? ഇവിടെ കുറിക്കൂ.

## നിറം കൊടുക്കൂ

ടെക്സ്റ്റ് ബുക്ക് പേജ് 58 ലെ പ്രവർത്തനമാണിത്. 15 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണാനും നിറം കൊടുക്കാനുമാണ് ഈ പ്രവർത്തനം. 15 എണ്ണത്തിനുതുല്യമായി 15 കളങ്ങൾക്ക് നിറം കൊടുക്കുകയാണ് വേണ്ടത്. വ്യത്യസ്ത നിറങ്ങൾ കുട്ടികൾക്ക് ഉപയോഗിക്കാം. നിറം കൊടുത്തതിനെ പരസ്പരം വിലയിരുത്താനും അവസരം നൽകണം. എണ്ണത്തിനു തുല്യമാണോ എന്നുകൂടി നോക്കാം. തുടർന്ന് ആ ആറ് സംഖ്യകളെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിച്ചെഴുതാനുമുണ്ട്.

എങ്ങനെയാണ് ക്രമീകരിച്ചെഴുതാൻ ഓരോ സംഖ്യയും കണ്ടെത്തിയത്? കുട്ടികളോട് ചോദിക്കുകയും അവരോട് പറയാൻ ആവശ്യപ്പെടുകയും വേണം. നിറം നൽകിയ കളങ്ങൾ നോക്കി 5, 6, 7, 8, 9 ഇവയിൽ ചെറുതിൽ നിന്ന് വലുതിലേക്ക് നോക്കി കണ്ടെത്തി 10 കൾ എല്ലാത്തിലുമുണ്ടല്ലോ 2 പത്ത് ആയാൽ ഇരുപത്. അത് ഏറ്റവും വലുത് എന്നൊക്കെ കുട്ടികൾ പറഞ്ഞേക്കാം.

## പാഠപുസ്തകം പേജ് 59

പേജ് 59 ലെ പ്രവർത്തനം ഒരു കൂട്ടം സംഖ്യകളിൽ ചെറിയ/വലിയ സംഖ്യകണ്ടെത്താനുള്ളതാണ്. ഓരോ വരിയിലെയും 5 സംഖ്യകളിൽ വലുതിന് നിറം കൊടുക്കട്ടെ. ഒരു നിറം മാത്രം ഉപയോഗിക്കട്ടെ. അങ്ങനെ 5 വരിയിലെയും വലിയ സംഖ്യകണ്ടെത്തി നിറം നൽകട്ടെ. ചങ്ങാതിയുടേതുമായി ഒത്തുനോക്കി പരസ്പരവിലയിരുത്തലിനും സ്വയം വിലയിരുത്തലിനും അവസരം നൽകാം. വലിയ സംഖ്യ കണ്ടെത്താനും ക്രമീകരിക്കാനുമുള്ളശേഷി ടീച്ചർ വിലയിരുത്തി ടീച്ചിംഗ് മാനുവലിൽ രേഖപ്പെടുത്തുമല്ലോ.

നിറം കൊടുത്ത സംഖ്യകൾ തമ്മിലുള്ള ബന്ധം എന്താണ്? ടീച്ചർ ചോദ്യം ചോദിക്കുന്നു.

ബന്ധം കുട്ടികൾ പറയട്ടെ

- സംഖ്യകൾ ഒന്നുവീതം കൂടിവരുന്നവയാണ്.
- 11 മുതൽ 15 വരെയുള്ള സംഖ്യകളാണ്.
- തുടർച്ചയായ 5 സംഖ്യകളാണവ. മറ്റെന്തൊക്കെ പറയാം?
- ഓരോ വരിയിലെയും ചെറിയ സംഖ്യ കണ്ടെത്തിയും ഇതുപോലെ തൊട്ടു താഴെയുള്ള പ്രവർത്തനവും ചെയ്യട്ടെ.
- നിറം കൊടുത്ത സംഖ്യകൾ തമ്മിലുള്ള ബന്ധം പറയട്ടെ.
- 1 വീതം കുറഞ്ഞുവരുന്ന സംഖ്യകൾ/1 വീതം കൂടിവരുന്ന സംഖ്യകൾ. മറ്റൊന്തൊക്കെ പറയാം?

## വർക്ക് ഷീറ്റ് 19
## വഴി കണ്ടെത്താം

ആമിയുടെ പിറന്നാളിന് ചിന്നനെലിക്കും കേക്ക് കിട്ടി. കേക്കുമായി മാളത്തിലേക്കു പോകുന്ന ചിന്നനെലിക്ക് വഴികാണിക്കണം. വഴി കണ്ടുപിടിക്കൂ. കുട്ടികൾ വഴി കണ്ടുപിടിച്ച ശേഷം ആ വഴിയിലുള്ള വട്ടങ്ങളിൽ 1 മുതൽ 20 വരെയുള്ള സംഖ്യകൾ ക്രമമായി എഴുതുകയാണ് വേണ്ടത്.

- 1 മുതൽ 20 വരെയുള്ള എഴുതാനുള്ള കഴിവ് ടീച്ചർ വിലയിരുത്തുമല്ലോ.

## വർക്ക് ഷീറ്റ് 20
## പൂർത്തിയാക്കാം

ഇവിടെ 4 സംഖ്യകൾ വീതം എഴുതാനുള്ള 8 കാർഡുകൾ ഉണ്ട്. ഓരോ കാർഡിലെയും 4 സംഖ്യകൾ തുടർച്ചയായുള്ളവയാണ്. 6 കാർഡുകളിൽ ചില കളങ്ങളിൽ സംഖ്യകൾ എഴുതിയിട്ടുണ്ട്. വിട്ട കളങ്ങളിൽ കുട്ടികൾ സംഖ്യകൾ എഴുതട്ടെ. പരസ്പരം വിലയിരുത്തുന്നു.

☑ടീച്ചറും വിലയിരുത്തുന്നു.

അവസാനത്തെ 2 കാർഡുകളിൽ ഓരോന്നിലും കുട്ടികൾ അവർക്കിഷ്ടമുള്ള 1 മുതൽ 20 വരെയുള്ള സംഖ്യകളിൽ തുടർച്ചയായ നാല് സംഖ്യകൾ എഴുതട്ടെ.

☑ടീച്ചർ വിലയിരുത്തുന്നു.

## വർക്ക് ഷീറ്റ് 21

### ചാടി നോക്കാം

നബയും സിയോണും ചാടുന്ന കളങ്ങൾ നിറം നോക്കി വരച്ചുചേർക്കണം. ഒരു പാറ്റേണായി പരിഗണിക്കേണ്ടതില്ല. ഒരക്ക സംഖ്യകളും രണ്ടക്ക സംഖ്യകളും ഇടകലർന്ന് സംഖ്യകൾ എഴുതിയ ശേഷം അവയെ ചെറുതിൽ നിന്ന് വലുതിലേക്ക് എഴുതാനുള്ളതാണ് ആദ്യത്തെ പ്രവർത്തനം. രണ്ടാമത്തേതിൽ വലുതിൽ നിന്ന് ചെറുതിലേക്കെഴുതാനും.


ക്ലാസിൽ കളം വരച്ച് കുട്ടികളോട് ഇപ്രകാരം ചാടാൻ പറഞ്ഞ് പ്രയാസം നേരിടുന്ന കുട്ടികളെ സഹായിക്കുകയുമാകാമല്ലോ. എല്ലാ കുട്ടികളും ഈ പ്രവർത്തനം ആസ്വദിക്കുകയും ചെയ്യും.

പേപ്പർ ഗ്ലാസിൽ/മറ്റുവിധത്തിൽ സംഖ്യകൾ എഴുതി കളങ്ങളിൽവച്ചും ഈ പ്രവർത്തനം എങ്ങനെ രസകരമായി ക്ലാസിൽ ചെയ്യാം. ഒന്നാലോചിച്ചുനോക്കൂ. അനുഭവം ക്ലസ്റ്ററിൽ പങ്കുവയ്ക്കൂ.

## വർക്ക് ഷീറ്റ് 22

### കൂട്ടി എഴുതി സംഖ്യാമാല പൂർത്തിയാക്കാം

രണ്ട് ഒരക്ക സംഖ്യകൾ കൂട്ടി എഴുതാനുള്ള ഒരു പ്രവർത്തനമാണിത്.



4-ഉം 3-ഉം 7 ആണല്ലോ. ആദ്യവട്ടത്തിൽ 4 ഉള്ളതുകൊണ്ട് 3 രണ്ടാമത്തെ വട്ടത്തിൽ എഴുതാം. അതുപോലെ 7 നു നേരെയുള്ള വട്ടത്തിൽ 3 ആണല്ലോ വേണ്ടത്.

3 കിട്ടാൻ 1+2/2+1 അതുകൊണ്ട് ഏറ്റവും താഴത്തെ നിരയിലെ 3, 4 വട്ടങ്ങളിലായി 1/2 എഴുതാം. അതുപോലെ താഴത്തെ നിരയിലെ 5, 6 വട്ടങ്ങളിലെ സംഖ്യകൾ കൂട്ടിയാൽ 6 കിട്ടണം. ആ വിധം 5, 6 വട്ടങ്ങളിൽ 1/2/3/4/5 ഈ സംഖ്യകളെഴുതാം (ഇതിൽ രണ്ട് സംഖ്യകളിൽ ഏത് എഴുതിയാലും കൂട്ടുമ്പോൾ 6 കിട്ടണം). 6 നു നേരെയുള്ള വട്ടത്തിൽ 4 ഉത്തരം കിട്ടേണ്ടതുകൊണ്ട് ചുവടെയുള്ള കളങ്ങളിൽ 1/2/3 ഇവയിൽ രണ്ട് സംഖ്യകളെഴുതാം.

കളങ്ങളിലെ സംഖ്യകൾ കൂട്ടിയാൽ അതിനു നേരെയുള്ള വട്ടത്തിലുള്ള സംഖ്യ ഉത്തരമായി കിട്ടും. ആ വിധം കൂട്ടി, വിട്ടുപോയ സംഖ്യകൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

വ്യക്തിഗതമായി ഇവ ചെയ്യാൻ അവസരമൊരുക്കണം. കണ്ടെത്തിയ രീതി കുട്ടികൾ പറയട്ടെ. ടീച്ചർ വിലയിരുത്തി ടീച്ചിംഗ് മാനുവലിൽ രേഖപ്പെടുത്തുക.

## വർക്ക് ഷീറ്റ് 23

ഒരക്ക സംഖ്യകളും രണ്ടക്ക സംഖ്യകളുമായി 10 സംഖ്യാകാർഡുകൾ നൽകിയിരിക്കുന്നു. ആ സംഖ്യാകാർഡുകൾ നോക്കി ചുവടെയുള്ള ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരമെഴുതട്ടെ. ഒരു കൂട്ടം സംഖ്യകളിൽ ചെറുത്, വലുത് കണ്ടെത്താനുള്ള ശേഷി. ഒരു സംഖ്യയേക്കാൾ ചെറിയ സംഖ്യകൾ, വലിയ സംഖ്യകൾ കണ്ടെത്താനുള്ള കഴിവ്. രണ്ട് സംഖ്യകൾക്കിടയിലുള്ള സംഖ്യ കണ്ടെത്താനുള്ള കഴിവ്. സംഖ്യകളെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കാനുള്ള ശേഷി എന്നിവ ടീച്ചർ വിലയിരുത്തി ഓരോ കുട്ടിയെ സംബന്ധിച്ചും ടീച്ചിംഗ് മാനുവലിൽ രേഖപ്പെടുത്തുക.

ഈ യൂണിറ്റിലൂടെ കുട്ടിനേടിയ ആശയങ്ങൾ, ശേഷികൾ ഇവ വിലയിരുത്തേണ്ടതാണ്.

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകളെ താരതമ്യം ചെയ്യുന്നു. പരസ്പര ബന്ധം കണ്ടെത്തുന്നു. വലുപ്പമനുസരിച്ച് ക്രമീകരിക്കുന്നു.
- പത്തുകളുടെ കൂട്ടങ്ങളോട് ഒന്നുകളുടെ കൂട്ടങ്ങൾ ചേർത്ത് 11 മുതൽ 19 വരെയുള്ള സംഖ്യകൾ രൂപീകരിക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകളിൽ ചെറുത്, വലുത് കണ്ടെത്തുന്നു.
- ക്രമം സൂചിപ്പിക്കാൻ സംഖ്യകൾ ഉപയോഗിക്കുന്നു.
- ഒരു പാറ്റേണിലെ സംഖ്യാബന്ധങ്ങൾ കണ്ടെത്തുന്നു. യുക്തി സമർത്ഥിക്കുന്നു.
- ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം (1 മുതൽ 20 വരെ) എണ്ണിയെടുക്കുന്നു.